# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പട്ടുവം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ /സി 3/1476/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 10/02/2022
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പട്ടുവം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പട്ടുവം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പട്ടുവം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ /സി 3/1476/21 തീയ്യതി: 10/02/2022

## കണ്ണൂർ ജില്ലയിലെ പട്ടുവം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ പട്ടുവം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 04-03-2021 മുതൽ 10-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. സാബു പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 13-12-2021 | 21-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 13-12-2021 | 21-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി രമണി കിഴക്കീൽ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ. മനോജ് കുമാർ ജോർജ്ജ്, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി നിഷ കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ശ്രീനാഥ് വി., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ. ആനക്കീൽ ചന്ദ്രൻ | പ്രസിഡന്റ് | 01-04-2020 | 08-11-2020 |
| ശ്രീമതി പി.ശ്രീമതി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീമതി എ.എം.രമ | സെക്രട്ടറി | 01-04-2020 | 08-06-2020 |
| ശ്രീ.ഡി.എൻ.പ്രമോദ് | സെക്രട്ടറി | 09-06-2020 | 08-03-2021 |
| ശ്രീമതി എം.ടി.മൃദുല | സെക്രട്ടറി-ഇൻ-ചാർജ്ജ് | 09-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.കൃഷ്ണ.പി.എം | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.സമീർ.കെ | വെറ്ററിനറി സർജൻ | 01-04-2020 | 04-06-2020 |
| ഡോ. ശ്രുതി.എസ് | വെറ്ററിനറി സർജൻ | 05-06-2020 | 14-09-2020 |
| ഡോ.സമീർ.കെ | വെറ്ററിനറി സർജൻ | 15-09-2020 | 09-12-2020 |
| ഡോ.റോഷിൻ.എം.റെജി | വെറ്ററിനറി സർജൻ | 10-12-2020 | 31-03-2021 |
| ശ്രീ.ദിജേഷ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ജി.എസ്.പാർവ്വതി | അസ്സിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി,പട്ടുവം | 01-04-2020 | 31-03-2021 |
| ഡോ.ധന്യ ഉണ്ണിക്കൃഷ്ണൻ | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി. പട്ടുവം | 01-04-2020 | 31-03-2021 |
| ഡോ.ജയപ്രകാശൻ.എ | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2020 | 31-03-2021 |
| ശ്രീമതി.ഉഷ.എം.വി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.മൃദുല.എം.ടി | അസ്സിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി സതി എ.വി. | ഹെഡ് മിസ്ട്രസ്സ് | 01-04-2020 | 01-07-2020 |
| ശ്രീമതി വിജയ കെ.ഇ. | ഹെഡ് മിസ്ട്രസ്സ് | 02-07-2020 | 31-03-2021 |
| ശ്രീ.സൈലേഷ് കുമാർ | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീ. രാജേഷ് ടി.ആർ. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 15-10-2020 |
| ശ്രീമതി സരിത കെ.വി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 16-10-2020 | 08-11-2020 |
| ശ്രീ. രജീഷ് ടി.കെ | ഫിഷറീസ് എക്സ്റ്റൻഷൻ | 09-11-2020 | 31-03-2021 |

| | | | |
|---|---|---|---|
| | ഓഫീസർ | | |

09.11.2020 മുതൽ 29.12.2020 വരെ കൃഷി ഓഫീസർ, അസിസ്റ്റന്റ് എഞ്ചിനീയർ, സെക്രട്ടറി എന്നിവരടങ്ങിയ നിർവ്വഹണ കമ്മിറ്റിയാണ് നിലവിലുണ്ടായിരുന്നത്

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Remani Kizhakkeel (Audit Officer, On 20-12-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 10-02-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Remani Kizhakkeel (Audit Officer, On 20-12-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 10-02-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Remani Kizhakkeel (Audit Officer, On 20-12-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 04-02-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Remani Kizhakkeel (Audit Officer, On 20-12-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 04-02-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Remani Kizhakkeel (Audit Officer, On 20-12-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 10-02-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Remani Kizhakkeel (Audit Officer, On 21-12-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 10-02-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Remani Kizhakkeel (Audit Officer, On 20-12-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 04-02-2022) | 1-7 |
| 8 | മരണശേഷവും പെൻഷൻ തുക അനുവദിച്ചു<br>Written By: SREENATH V (Auditor, On 21-12-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 04-02-2022) | 1-7-1 |
| 9 | ക്യാഷ് പരിശോധന<br>Written By: Remani Kizhakkeel (Audit Officer, On 20-12-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 04-02-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Remani Kizhakkeel (Audit Officer, On 20-12-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 04-02-2022) | 1-9 |
| 11 | തൊഴിൽ നികുതി അപാകങ്ങൾ<br>Written By: SREENATH V (Auditor, On 21-12-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 04-02-2022) | 1-10 |
| 12 | ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.<br>Written By: SREENATH V (Auditor, On 21-12-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 04-02-2022) | 1-11 |
| 13 | ബാങ്ക് കെട്ടിടങ്ങളെ ബങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ എന്ന ഗണത്തിൽ പെടുത്തി വസ്തുനികുതി ഈടാക്കി - ₹2,824 വരവ് നഷ്ടം<br>Written By: SREENATH V (Auditor, On 21-12-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 10-02-2022) | 1-12 |
| 14 | എഫ്.ടി.ഇ & ഒ എസ് ലൈസൻസ് അനുവദിച്ചതിലെ അപാകതകൾ<br>Written By: SREENATH V (Auditor, On 21-12-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 04-02-2022) | 1-13 |
| 15 | മോട്ടോർ റണ്ണിങ് ഫീസ് ഈടാക്കിയതിലെ അപാകതകൾ - 2900/- രൂപ വരവു നഷ്ടം<br>Written By: SREENATH V (Auditor, On 21-12-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 10-02-2022) | 1-14 |

| | | |
|---|---|---|
| 16 | നിലവിലുള്ള കെട്ടിടത്തിൽ കൂട്ടിച്ചേർക്കലുകൾക്ക് പെർമിറ്റ് ഫീസ് കുറവായി ഈടാക്കി - 819 രൂപ വരവ് നഷ്ടം<br>Written By: SREENATH V (Auditor, On 21-12-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 04-02-2022) | 1-15 |
| 17 | റെഗുലറൈസേഷൻ ഫീസ് കുറവായി ഈടാക്കി - 342 രൂപ വരവ് നഷ്ടം<br>Written By: SREENATH V (Auditor, On 21-12-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 04-02-2022) | 1-16 |
| 18 | കെട്ടിട നിർമ്മാണത്തിന് അനുമതി നൽകൽ - രജിസ്റ്റർ സൂക്ഷിപ്പിലെ അപാകത<br>Written By: SREENATH V (Auditor, On 22-12-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 04-02-2022) | 1-17 |
| 19 | എസ് എൽ ഐ പ്രീമിയം നിശ്ചിത നിരക്കിൽ ഒടുക്കുന്നില്ല<br>Written By: Nisha K (Senior Grade Auditor, On 22-12-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 04-02-2022) | 1-18 |
| 20 | തെരുവ് വിളക്ക് വാങ്ങൽ - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ<br>Written By: Nisha K (Senior Grade Auditor, On 22-12-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 10-02-2022) | 1-19 |
| 21 | പൊതുകുടിവെള്ളക്കരം - കുടിശ്ശിക 4275889/- രൂപ<br>Written By: Nisha K (Senior Grade Auditor, On 23-12-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 04-02-2022) | 1-20 |
| 22 | പട്ടുവം കുടുംബാരോഗ്യ കേന്ദ്രം കെട്ടിട വിപുലീകരണം - ബ്ലോക്ക് പഞ്ചായത്ത് വിഹിതം കൈമാറിയത് - വിനിയോഗ സാക്ഷ്യ പത്രം ലഭ്യമായിട്ടില്ല – 5,00,000 രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Nisha K (Senior Grade Auditor, On 22-12-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 04-02-2022) | 1-21 |
| 23 | ഐ കെ എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല<br>Written By: Nisha K (Senior Grade Auditor, On 22-12-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 04-02-2022) | 1-22 |
| 24 | മൃഗാശുപത്രിയിലേക്ക് ഇൻവർട്ടർ വാങ്ങൽ - ₹85,000 തടസ്സപ്പെടുത്തുന്നു.<br>Written By: SREENATH V (Auditor, On 22-12-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 10-02-2022) | 1-23 |
| 25 | റേറ്റ് കോൺട്രാക്ടിൽ ഇല്ലാത്ത ഇനം ടെൻഡർ നടപടി കൂടാതെ സിഡ്കോയിൽ നിന്ന് വാങ്ങി - 95535/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: SREENATH V (Auditor, On 22-12-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 10-02-2022) | 1-24 |
| 26 | എസ് സി വിധവകൾക്ക് മുട്ടക്കോഴി വിതരണം - സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ല<br>Written By: SREENATH V (Auditor, On 22-12-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 10-02-2022) | 1-25 |
| 27 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി അപാകതകൾ<br>Written By: SREENATH V (Auditor, On 22-12-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 10-02-2022) | 1-26 |
| 28 | പട്ടിക ജാതി വിദ്യാർത്ഥികൾക്കുള്ള പദ്ധതികൾ- വകുപ്പിൽ നിന്നും ആനുകല്യം ലഭിക്കാത്തത് സംബന്ധിച്ചുള്ള സാക്ഷ്യ പത്രമില്ല.- 244140/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Manoj Kumar.T.George (Asst. Audit Officer, On 21-12-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 10-02-2022) | 1-27 |
| 29 | ആയുർവേദ ഡിസ്പൻസറിക്ക് ഫർണിച്ചർ വാങ്ങൽ പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ<br>Written By: SREENATH V (Auditor, On 21-12-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 10-02-2022) | 1-28 |

| | | |
|---|---|---|
| 30 | ആയുർവേദ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ<br>Written By: SREENATH V (Auditor, On 21-12-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 10-02-2022) | 1-29 |
| 31 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ<br>Written By: SREENATH V (Auditor, On 22-12-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 10-02-2022) | 1-30 |
| 32 | സാന്ത്വന പരിചരണ പദ്ധതി- അവലോകനം<br>Written By: Manoj Kumar.T.George (Asst. Audit Officer, On 21-12-2021)<br>Last Updated By: P.S.Sabu (Deputy Director, On 10-02-2022) | 1-31 |
| 33 | ക്ഷീര കർഷകർക്ക് പാലിന് അധിക വില നൽകൽ പ്രോജക്ടുമായി ബന്ധപ്പെട്ട അപാകതകൾ<br>Written By: SREENATH V (Auditor, On 22-12-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 10-02-2022) | 1-32 |
| 34 | ലൈഫ് ഭവന പദ്ധതി -അനർഹമായി ആനുകൂല്യം ലഭിച്ച ഗുണ ഭോക്താവിൽ നിന്നും തുക തിരികെ ഈടാക്കിയിട്ടില്ല.<br>Written By: Manoj Kumar.T.George (Asst. Audit Officer, On 21-12-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 10-02-2022) | 1-33 |
| 35 | കറവപ്പശു തീറ്റ വിതരണം - ₹60,000 തടസ്സപ്പെടുത്തുന്നു<br>Written By: SREENATH V (Auditor, On 23-12-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 10-02-2022) | 1-34 |
| 36 | അനുപൂരക പോഷകാഹാര പദ്ധതി പ്രകാരം വിതരണം ചെയ്യു അമൃതം ന്യൂട്രിമിക്സിന് ജി.എസ്.ടി ചുമത്തി<br>Written By: SREENATH V (Auditor, On 23-12-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 10-02-2022) | 1-35 |
| | ഭാഗം **2** | |
| 1 | ബാങ്ക് കെട്ടിടങ്ങളെ ബങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ എന്ന ഗണത്തിൽ പെടുത്തി വസ്തുനികുതി ഈടാക്കി - ₹2,824 വരവ് നഷ്ടം<br>Written By: SREENATH V (Auditor, On 28-01-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 10-02-2022) | 2-1 |
| 2 | മോട്ടോർ റണ്ണിങ് ഫീസ് ഈടാക്കിയതിലെ അപാകതകൾ - ₹2,900 വരവ് നഷ്ടം<br>Written By: SREENATH V (Auditor, On 28-01-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 10-02-2022) | 2-2 |
| 3 | നിലവിലുള്ള കെട്ടിടത്തിൽ കൂട്ടിച്ചേർക്കലുകൾക്ക് പെർമിറ്റ് ഫീസ് കുറവായി ഈടാക്കി - ₹819 വരവ് നഷ്ടം<br>Written By: SREENATH V (Auditor, On 28-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 04-02-2022) | 2-3 |
| 4 | റെഗുലറൈസേഷൻ ഫീസ് കുറവായി ഈടാക്കി - 342 രൂപ വരവ് നഷ്ടം<br>Written By: Pramodan Anchantavida (Computer Assistant, On 04-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 04-02-2022) | 2-4 |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Remani Kizhakkeel (Audit Officer, On 20-12-2021) | 4-1 |

| | | |
|---|---|---|
| | Last Updated By: Harish Kumar M.V (Computer Assistant, On 10-02-2022) | |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Remani Kizhakkeel (Audit Officer, On 21-12-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 04-02-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Remani Kizhakkeel (Audit Officer, On 20-12-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 04-02-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ<br>Written By: Remani Kizhakkeel (Audit Officer, On 20-12-2021)<br>Last Updated By: Remani Kizhakkeel (Audit Officer, On 20-12-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Remani Kizhakkeel (Audit Officer, On 20-12-2021)<br>Last Updated By: Remani Kizhakkeel (Audit Officer, On 20-12-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപം<br>Written By: Remani Kizhakkeel (Audit Officer, On 20-12-2021)<br>Last Updated By: Remani Kizhakkeel (Audit Officer, On 20-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Remani Kizhakkeel (Audit Officer, On 20-12-2021)<br>Last Updated By: Remani Kizhakkeel (Audit Officer, On 20-12-2021) | 4-7 |
| 8 | സമാഹൃതഓഡിറ്റ് റിപ്പോർട്ട്<br>Written By: Remani Kizhakkeel (Audit Officer, On 20-12-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 04-02-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Remani Kizhakkeel (Audit Officer, On 20-12-2021)<br>Last Updated By: Remani Kizhakkeel (Audit Officer, On 20-12-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Remani Kizhakkeel (Audit Officer, On 20-12-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 10-02-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Remani Kizhakkeel (Audit Officer, On 20-12-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 04-02-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ഭരണസമിതിയുടെ 25-03-2020 തീയതിയിലെ 58/20നമ്പർ തീരുമാന പ്രകാരം ബജറ്റ് അംഗീകരിച്ചു. വിശദ വിവരം ചുവടെ ചേർക്കുന്നു. പുതുക്കിയ ബജറ്റ് തയ്യാറാക്കിയിട്ടില്ല.

| ബജറ്റ് | |
|---|---|
| മുന്നിരിപ്പ് | 835816 |
| വരവ് | 101062400 |
| ആകെ | 101898216 |
| ചെലവ് | 101006304 |
| നീക്കിയിരിപ്പ് | 891912 |

19-03-2020 ന ചേർന്ന ധനകാര്യ സ്റ്റാൻറിംഗ് കമ്മറ്റി മീറ്റിംഗ് തീരുമാനം 20/20 പ്രകാരം ബജറ്റ് പാസാക്കി ഭരണ സമിതി അംഗീകാരത്തിന് സമർപ്പിക്കുവാൻ തീരുമാനിക്കുകയും ഭരണസമിതി 25-03-20 ലെ മേൽ നമ്പർ തീരുമാന പ്രകാരം ചർച്ച ചെയ്ത് അതേ പടി അംഗീകരിക്കുകയും ചെയ്തു. ബജറ്റുമായി ബന്ധപ്പെട്ട് പ്രപ്പോസലുകൾ ഘടക സ്ഥാപന മേധാവികളിൽ നിന്നും വാങ്ങിയതായി രേഖകളില്ല. ജെൻഡർ ബജറ്റ്, പെർഫോമൻസ് ബജറ്റ് എന്നിവ പാസാക്കിയിട്ടില്ല. പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും തന്നെ ചർച്ച ചെയ്തിട്ടില്ല.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2021 | 17.06.2021 | തിരിച്ചയച്ചിട്ടില്ല |

പട്ടുവം ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) ബി4 ഷെഡ്യൂളിൽ 320800201 Donations To CMDRFഎന്ന ഹെഡ്ഡിൽ കാണുന്ന ₹72,612എന്ന സംഖ്യ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഒടുക്കുവാൻ പിരിച്ചെടുത്ത തുകയാണ്. 1-04-2020 മുതൽ 2020 ആഗസ്റ്റ് വരെയുള്ള കാലയളവിൽ പിരിച്ചടുത്ത ഈ തുക 2021 ഡിസംബർ 20ാം തീയ്യതിയിലാണ് ദുരിതാശ്വാസ നിധിയിലേക്ക് ഒടുക്കിയത് (വൗച്ചർ നമ്പർ-22100632).

2) ബി4 ഷെഡ്യൂളിൽ 320800299 Donations To Flood എന്ന ഹെഡ്ഡിൽ കാണുന്ന ₹37,877 എന്ന സംഖ്യ 6-10-2018 മുതൽ 31-03-2020 വരെയുള്ള കാലയളവിൽ മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഒടുക്കാനായി പിരിച്ചെടുത്ത തുകയാണ്. ഇതു കൂടാതെ 2019 മാർച്ചിൽ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ദുരിതാശ്വാസ നിധിയിലേക്ക് ഒടുക്കാനായി പിരിച്ചെടുത്ത ₹ 12,723 ബാധ്യതയായി ഉൾപ്പെടുത്താൻ വിട്ടു പോയിട്ടുണ്ട്. ഇതു കൂടി ചേർത്തു കണക്കാക്കുമ്പോൾ 50,600 ഈയിനത്തിൽ ബാധ്യത വരേണ്ടതായിരുന്നു. ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് ജേണൽ വഴി ഈ തുക ക്രമീകരിക്കുകയും 2021 ഡിസംബർ 20-ാം തീയ്യതി ദുരിതാശ്വാസ നിധിയിലേക്ക് ഒടുക്കുകയും ചെയ്തു. (വൗച്ചർ നമ്പർ-22100633)

3) മുൻ വർഷങ്ങളിൽ ഗുണഭോക്തൃ വിഹിതം ഇനത്തിൽ പിരിച്ചെടുത്തിട്ട് ചെലവഴിക്കാൻ അവശേഷിക്കുന്ന തുകയായി ബി4 ഷെഡ്യൂളിൽ 320800101 Beneficiary Contributions എന്ന ഹെഡ്ഡിൽ ₹ 2,61,276 ബാധ്യതയായി രേഖപ്പെടുത്തിയിരുന്നു. 3245 രൂപയായിരുന്നു യഥാർത്ഥത്തിൽ ബാധ്യതായി വേണ്ടിയിരുന്നത്. ഇത് ജേണൽ എൻട്രി വഴി പരിഹരിച്ചു.

4) ബി4 ഷെഡ്യൂളിൽ തന്നെ 320700405 എന്ന ഹെഡ്ഡിൽ ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച തുക ഇനത്തിൽ ₹ 13,20,700 എന്ന തുക ബാധ്യതയായി കാണിച്ചിരിക്കുന്നു. 2011-12 മുതൽ നീക്കിയിരിപ്പായി നില നിൽക്കുന്ന ഈ തുക പഞ്ചായത്തിൽ സാംഖ്യ ആരംഭിച്ചപ്പോൾ ഓപ്പണിംഗ് ബാലൻസ് രേഖപ്പെടുത്തിയ തുകയാണ്. ഈ തുക ഏതിനത്തിൽ ലഭിച്ചതാണ് എന്നത് സംബന്ധിച്ച് പഞ്ചായത്തിന് വ്യക്തതയില്ലാത്ത സാഹചര്യമാണ്. ഇതു സംബന്ധിച്ച് വിശദമായ പരിശോധന നടത്തി ശരിയായ ബാധ്യത കണ്ടെത്തി തുക തിരിച്ചടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

5) 320700204 എന്ന ഹെഡ്ഡിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചതായി രേഖപ്പെടുത്തിയിരിക്കുന്ന ₹ 4,50,804 യുടെ ബാധ്യതയിൽ ₹1,72,069 സാംഖ്യ ആരംഭിച്ച വേളയിൽ ഓപ്പണിംഗ് ബാലൻസായി സ്വീകരിച്ച തുകയാണ് ഈ തുകയുടെ വിശദാംശങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല. 2017-18ൽ ഡിസേബിൾഡ് സ്കോളർഷിപ്പ് ഇനത്തിൽ ലഭിച്ചതിൽ ബാക്കിയായ ₹ 26700, പാൽ സബ്സിഡി ഇനത്തിൽ ലഭിച്ചതിൽ ബാക്കിയായ ₹30989 എന്നിവ ഇപ്പോഴും നീക്കിയിരിപ്പായി തുടരുന്നു. ഈ തുക സംബന്ധിച്ചും വിശദമായ പരിശോധന നടത്തി തിരിച്ചടക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

6) 320700205 എന്ന ഹെഡ്ഡിൽ ജില്ലാ പഞ്ചായത്ത് വിഹിതം ഇനത്തിൽ ബാധ്യതയായി കാണിച്ചിരിക്കുന്ന ₹149925 എന്ന തുകയിൽ ₹ 96600 പാൽ സബ്സിഡി ഇനത്തിലും ₹ 26700 ഡിസേബിൾഡ് സ്കോളർഷിപ്പ് ഇനത്തിലും 31-03-2018 മുതൽ ബാധ്യതായി തുടരുകയാണ്. 2018-19 വർഷം മുതൽ അവശേഷിക്കുന്ന 150000/- രൂപ ചേർത്ത് ആകെ 273300/- ആണ് ബാധ്യത ഇനത്തിൽ വരേണ്ട തുക. ഇത് സംബന്ധിച്ച് വിശദമായ പരിശോധന നടത്തേണ്ടതും തിരിച്ചടക്കേണ്ടതായ തുക അടവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. (2019-20 വർഷത്തിൽ ചെലവഴിച്ച തുക ജേണൽ ചെയ്തപ്പോൾ ₹123375 രൂപ തെറ്റായി അധികം രേഖപ്പെടുത്തിയിരുന്നു. ജേണൽ എൻടി വഴി പിശക് തിരുത്തി ബാധ്യത ₹273300 എന്നാക്കിയിട്ടുണ്ട്)

7) കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ (പഞ്ചായത്ത് ഓഡിറ്റോറിയം വാടകയ്ക്ക് എടുത്തവർ ഡെപ്പോസിറ്റ് ചെയ്ത 3500/- രൂപ ലേല ഡെപ്പോസിറ്റ് ഇനത്തിലുള്ള 1000/- രൂപ ഇ.എം.ഡി. ഇനത്തിലുള്ള 10370/-) ലാപ്സഡ് ഡെപ്പോസിറ്റായി വരവ് വയ്ക്കാതെ അവശേഷിക്കുന്നുണ്ട്.

8) സ്ഥാപന തൊഴിൽ നികുതി ഇനത്തിൽ വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്ന വരവ് തുക ഡിമാൻഡ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

9) കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതങ്ങളുടെ വരവ് ചെലവുകൾ വ്യക്തമായി പരാമർശിക്കുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

10) പഞ്ചായത്ത് സമർപ്പിച്ച ഗ്രാന്റ് സ്റ്റേറ്റ് മെന്റ് വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

11) ടെണ്ടർ ഫോമുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 9401582.47 |
| വരവ് | 52043699.00 |
| ആകെ | 61445281.47 |
| ചെലവ് | 49077251.00 |
| നീക്കിയിരിപ്പ് | 12368030.47 |
| വരവ് നഷ്ടം | 6885 |
| ചെലവ് നഷ്ടം | 0 |
| തടസ്സപ്പെടുത്തിയ തുക | 984675 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 0 | 8112320 | 8112320 | 8112320 | 0 |
| വികസന ഫണ്ട്- എസ്.സി.പി | 0 | 3105000 | 3105000 | 3069469 | 35531 |
| വികസന ഫണ്ട്- ടി.എസ്.പി | 0 | 125000 | 125000 | 62450 | 62550 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ്, റോഡ് | | 0 | 3903000 | 3903000 | 3903000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് | | 0 | 3492000 | 3492000 | 3424839 | 67161 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – ബേസിക്ക് | | 0 | 7354702 | 7354702 | 4505777 | 2848925 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - ടൈഡ് | | 0 | 3160000 | 3160000 | 1426381 | 1733619 |
| എം.ജി.എൻ.ആർ ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി/ മെറ്റീരിയൽ കോസ്റ്റ് ഉൾപ്പെടെ | 0 | 1,44,27,219 | 1,44,27,219 | 1,44,27,219 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 257650 | 573207 | 830857 | 828879 | 1978 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ഐ.സി.ഡി.എസ് സെൻട്രൽഷെയർ | | 158437 | 613258 | 771695 | 730295 | 41400 |
| ടോട്ടൽ സാനിറ്റേഷൻ | | 91102 | 105876 | 196978 | 16000 | 180978 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ശുചിത്വമിഷൻ | | 295951 | 1684641 | 1980592 | 707155 | 1273437 |
| മാലിന്യ സംസ്കരണം | | 210850 | 0 | 210850 | 0 | 210850 |
| സാക്ഷരത | | 1480 | 40 | 1520 | 0 | 1520 |
| എസ് എസ് എ | | 28778 | 792 | 29570 | 0 | 29570 |
| കുടിവെള്ള പദ്ധതി | | 20000 | 0 | 20000 | 0 | 20000 |
| മറ്റ് ഗ്രാന്റുകൾ | | 199743 | 535455 | 735198 | 693198 | 42000 |
| ലൈഫ് മിഷൻ സ്റ്റേറ്റ് ഷെയർ | | 0 | 880000 | 880000 | - | 880000 |
| മാലിന്യ സംസക്കരണം | | 0 | 152751 | 152751 | 106000 | 46751 |

*ലഡ്ജർ അക്കൗണ്ട പ്രകാരമുള്ള തുകയാണ് ചേർത്തിരിക്കുന്നത്.

ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടുണ്ടെങ്കിലും യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പൂർത്തീകരിച്ചത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 158 | 75163167 | 132 | 43570419 | 27 | 105 | 26 | 66.45 |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരങ്ങൾ

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതി കളുടെ എണ്ണം | നടപ്പിലാ ക്കിയത് | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 13 | 13 | 24636934 | 14180674 | 57.55 |
| 2 | വെറ്റിനറി സർജൻ | 10 | 9 | 1864300 | 845333 | 41.03 |
| 3 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 9 | 9 | 2366360 | 1548911 | 75.08 |
| 4 | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 3 | 3 | 906869 | 905208 | 99.81 |
| 5 | വി.ഇ.ഒ | 14 | 11 | 17792100 | 6779450 | 27.07 |
| 6 | ഐ സി ഡിഎസ് സൂപ്പർവൈസർ | 10 | 8 | 3902101 | 3273557 | 69.97 |
| 7 | അസി സെക്രട്ടറി | 5 | 4 | 475462 | 372644 | 59.76 |
| 8 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 511331 | 465331 | 73 |
| 9 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 3 | 2 | 660000 | 70084 | 11.16 |
| 10 | ഹെഡ് മാസ്റ്റർ | 6 | 3 | 555675 | 284369 | 99.24 |
| 11 | സെക്രട്ടറി | 27 | 24 | 3687142 | 2921486 | 53.86 |
| 12 | അസി. എഞ്ചിനീയർ | 56 | 44 | 17804893 | 11923372 | 66.97 |

| | | | | | | |
|---|---|---|---|---|---|---|
| | ആകെ | 158 | 132 | 75163167 | 43570419 | 47.85 |

ഗ്രാമസഭ

പഞ്ചായത്തിൽ ആകെ 13 വാർഡുകളാണ് ഉള്ളത്. എല്ലാ വാർഡുകളിലും ഒരു പ്രാവശ്യം ഗ്രാമ സഭ ചേരുകയും വിവിധ പദ്ധതികളുടെ ഗുണഭോക്തൃ തെരഞ്ഞെടുപ്പ്, പദ്ധതി അവലോകനം തുടങ്ങിയ കാര്യങ്ങൾ ചർച്ച ചെയ്യുകയും ചെയ്തിട്ടുണ്ട്.ഗ്രാമ സഭകളിൽ നല്ല ജന പ്രാതിനിധ്യം ഉണ്ടായിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മറ്റികളായി പ്രവർത്തിക്കുന്നില്ല.

മോണിറ്ററിംഗ് കമ്മറ്റികളായി പ്രവർത്തിച്ച് പദ്ധതികൾ ഫലപ്രദമായി മോണിറ്റർ ചെയ്യുക എന്നത് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണെങ്കിലും ഇക്കാര്യം നിർവ്വഹിച്ചതായി കാണുന്നില്ല.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 257650 | 573207 | 830857 | 828879 | 1,978 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് (മെറ്റീരിയൽ കോസ്റ്റ് ഉൾപ്പെടെ) | - | 14427219 | 14427219 | 14427219 | - |
| ആകെ | 257650 | 15000426 | 15258076 | 15256098 | 1978 |

ഈ കണക്കിലെ 1-6, 1-14(എ) എന്നീ ഷെഡ്യൂളുകൾ പ്രകാരം തൊഴിലുറപ്പ് പദ്ധതി ഇനത്തിലുള്ള വരവ്/ചെലവ് തുക 15929412 രൂപ ആണ്. പഞ്ചായത്ത് ലഭ്യമാക്കിയ കണക്കും വാർഷിക കണക്കിലെ തുകയും പൊരുത്തപ്പെടുന്നില്ല

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 5498900 | 386 |
| തൊഴിൽരഹിത വേ തനം | 4920 | 7 |
| വിധവാ പെൻഷൻ | 9053300 | 624 |
| വാർധക്യകാല പെൻഷൻ | 15484200 | 1203 |
| വികലാംഗ പെൻഷൻ | 3391500 | 233 |
| അവിവാഹിത പെൻഷൻ | 997100 | 70 |
| വിവാഹ ധനസഹായം | 180000 | 6 |

## 1-7-1 മരണശേഷവും പെൻഷൻ തുക അനുവദിച്ചു

ഗ്രാമ പഞ്ചായത്തിലെ മരണ രജിസ്റ്റർ പ്രകാരം 2020-21 സാമ്പത്തിക വർഷ കാലത്ത് ഈ പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ളതും ക്ഷേമ പെൻഷൻ കൈപ്പറ്റിവന്നിരുന്നതുമായ ഏതാനും വ്യക്തികളുടെ വിവരങ്ങൾ സേവന

വെബ്സൈറ്റിൽ പരിശോധിച്ചപ്പോൾ ചുവടെ ചേർത്ത ഗുണഭോക്താക്കളുടെ മരണശേഷവും പെൻഷൻ തുക അനുവദിച്ചിട്ടുണ്ടെന്ന് കാണാൻ സാധിച്ചു.

| ക്രമ നമ്പർ | പേര് | പെൻഷൻ ഐ ഡി | പെൻഷൻ ഇനം | മരണപ്പെട്ട തീയതി | റിമാർക്സ് | അധികം അനുവദിച്ച തുക |
|---|---|---|---|---|---|---|
| 1 | കെ സരോജിനി | 111080100323 | കർഷക തൊഴിലാളി പെൻഷൻ | 02/04/2020 | പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡഡ് ആണ്. 2020 സെപ്റ്റംബർ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. | 12700 |
| 2 | ഫ്രാൻസിസ് സി | 111080201111 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 13/03/2020 | പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡഡ് ആണ്. 2020 സെപ്റ്റംബർ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. | 15100 |
| 3 | മുഹമ്മദ് കുഞ്ഞി ഹാജി | 111080200481 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 03/04/2020 | പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡഡ് ആണ്. 2020 സെപ്റ്റംബർ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. | 12700 |
| 4 | സി എച്ച് ബേബി | 111080100330 | കർഷക തൊഴിലാളി പെൻഷൻ | 26/05/2020 | പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡഡ് ആണ്. 2020 സെപ്റ്റംബർ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. | 6600 |
| 5 | ലീല പി പി | 111080201023 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല | 03/06/2020 | പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡഡ് ആണ്. 2020 | 3000 |

| | | | | | | |
|---|---|---|---|---|---|---|
| | | | പെൻഷൻ | | സെപ്റ്റംബർ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. | |
| 6 | കെ എ ശശിധരൻ | 111080200708 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 03/07/2020 | പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡഡ് ആണ്. 2020 സെപ്റ്റംബർ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. | 3000 |
| 7 | കുട്ടക്കൻ മുഹമ്മദ് | 111080400272 | ഇന്ദിരാ ഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ | 19/07/2020 | പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡഡ് ആണ്. 2020 സെപ്റ്റംബർ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. | 6600 |
| 8 | ഫാത്തിമ സി | 111080200228 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 20/08/2020 | പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡഡ് ആണ്. 2020 സെപ്റ്റംബർ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. | 4000 |
| 9 | കാർത്ത്യായനി കെ | 111080201379 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 19/08/2020 | പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡഡ് ആണ്. 2020 സെപ്റ്റംബർ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. | 4500 |
| 10 | മുഹമ്മദ് എം വി പി | 111080200980 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല | 05/11/2020 | പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡഡ് ആണ്. 2021 | 9100 |

| | | | | | | |
|---|---|---|---|---|---|---|
| | | | പെൻഷൻ | | ഏപ്രിൽ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. | |
| 11 | കമലാക്ഷി കെ വി | 111080200758 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 25/11/2020 | പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡഡ് ആണ്. 2020 ഡിസംബർ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. | 600 |
| 12 | പി വി കേളപ്പണിക്കർ | 111080200151 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 26/02/2020 | പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡഡ് ആണ്. 2021 ഏപ്രിൽ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. | 28600 |
| 13 | മുഹമ്മദ് കുഞ്ഞി കെ കെ | 111080200837 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷന് | 22/03/2021 | പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡഡ് ആണ്. 2021 ഏപ്രിൽ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. | 3100 |
| ആകെ | | | | | | 109600 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം-16 തീയതി 18.12.2021) മറുപടിയായി ഗുണഭോക്താക്കളുടെ മരണശേഷം ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച പെൻഷൻ തുക തിരിച്ചടക്കുന്നതിന് ബാങ്കുകൾക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും മരണശേഷം അനുവദിച്ച പെൻഷൻ തുകകൾ തിരികെ അടവാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-)ഠ വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.12.2021 തീയ്യതിയിൽ സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി.പരിശോധനയിൽ 1,771 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ ഓഫീസ് ഓർഡർ ബുക്ക് എഴുതി സൂക്ഷിച്ചിട്ടുണ്ട്.ജീവനക്കാരുടെ പ്രതിമാസ യോഗം 9 തവണ ചേർന്ന് ഓഫീസ് പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ട്. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. സ്ട്രീറ്റ് ലൈറ്റ് സ്റ്റോക്ക് രജിസ്റ്ററിൽ മുഴുവൻ വിവരങ്ങളും രേഖപ്പെടുത്താത്തതിനാൽ ഓരോ

വർഷവും വിവിധ പദ്ധതികൾ പ്രകാരം സ്ഥാപിച്ച വിളക്കുകളുടെ എണ്ണവും ഇനവും എപ്പോൾ സ്ഥാപിച്ചു തുടങ്ങിയ വിവരങ്ങളും മനസിലാക്കുവാൻ സാധിക്കുന്നില്ല. രജിസ്റ്റർ കുറ്റമറ്റതാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. മറ്റു രജിസ്റ്ററുകളെല്ലാം നല്ല രീതിയിൽ പരിപാലിച്ചിട്ടുണ്ട്.

## 1-10 തൊഴിൽ നികുതി അപാകങ്ങൾ

ഗ്രാമ പഞ്ചായത്തിലെ 2020-21 വർഷത്തെ തൊഴിൽനികുതി രജിസ്റ്റർ, തൊഴിൽനികുതി സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർത്ത അപാകതകൾ കാണാൻ സാധിച്ചു.

A) പട്ടുവം FHC യിലെ ജീവനക്കാരിൽ നിന്ന് രണ്ടാം പകുതിയിലെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

B) പഞ്ചായത്ത് പരിധിയിലെ പറപ്പൂൽ, മുള്ളൂൽ, പട്ടുവം, കാവുങ്കൽ, മംഗലശ്ശേരി എന്നിവിടങ്ങളിലെ കള്ളുഷാപ്പുകളിൽ നിന്ന് സ്ഥാപന നികുതിയും ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.

C) പട്ടുവം BSNL ൽ നിന്ന് സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.

മേൽപ്പറഞ്ഞ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 10 തീയതി 17.12.2021) മറുപടിയായി തൊഴിൽ നികുതി/ സ്ഥാപന നികുതി ഇനത്തിലെ മേൽ സൂചിപ്പിച്ച തുകകൾ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11 ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

2020-21 കാലയളവിൽ എഫ്.ടി.ഇ.&ഒ എസ് ലൈസൻസ് എടുത്ത താഴെ പറയുന്ന വ്യാപാര സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം തൊഴിൽ ഉടമ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | സ്ഥാപനത്തിന്റെ പേര് | കെട്ടിട നമ്പർ | അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | കാനാട്ട് ഒറിജിനൽസ് | 5/65A | 5 |
| 10 | ടി സി ബിൽഡ് വേർ | 4/332E. 332F, 332G, 332H | 5 |
| 11 | സി കെ മാർക്കറ്റിങ് | 4/332 I | 5 |
| 12 | പി എസ് കോർപ്പറേഷൻ | 4/332 J | 5 |
| 15 | ദിൽ ഫുഡ് പ്രൊഡക്ട്സ് | 11/475 | 4 |
| 20 | ആമീസ് ഫുഡ് പ്രൊഡക്ട്സ് | 6/23A | 5 |
| 30 | അറേബ്യൻ നൈറ്റ്സ് | 13/295 A, 295 B, 295C | 3 |
| 34 | എൻ വി ഷിനോയ് & CO | 7/90 C, 90 D, 90 E | 5 |
| 43 | രേഖ എന്റർപ്രൈസസ് | 4/322 K | 3 |
| 46 | രുചി ആക്ടിവിറ്റി ഗ്രൂപ്പ് | 10/88,89 | 3 |
| 75 | മാവേലി സ്റ്റോർ | 11/383 C | 4 |
| 87 | വുഡ്ക്രാഫ്റ്റ് ഫർണിച്ചർ | 5/ 429 A | 4 |
| 104 | ആച്ചീസ് കിച്ചൺ | 5/ 393 B | 3 |

മേൽ പട്ടികയിലെ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം ലഭിക്കുവാനും സ്ഥാപനങ്ങളിലെ തൊഴിലുടമകളിൽ നിന്നും 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി)

ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം ജീവനക്കാരുടെ വരുമാനത്തെയോ, ശമ്പളത്തെയോ കുറിച്ചുള്ള വിവരങ്ങൾ ആവശ്യപ്പെടുകയോ, ചട്ടം 17 പ്രകാരം നികുതി നിർണ്ണയിക്കുകയോ, ചട്ടം 18 പ്രകാരം ഡിമാൻറ് ചെയ്യുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെയും വിശദാംശങ്ങൾ അറിയിക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 11 തീയതി 16.12.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിലെ മുഴുവൻ സ്ഥാപനങ്ങളിലെയും തൊഴിൽ നികുതി ഒടുക്കേണ്ടവർ ആയത് ഒടുക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-12 ബാങ്ക് കെട്ടിടങ്ങളെ ബങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യുവൽ സ്റ്റേഷൻ എന്ന ഗണത്തിൽ പെടുത്തി വസ്തുനികുതി ഈടാക്കി - ₹2,824 വരവ് നഷ്ടം

സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്ത് പരിധിയിലെ ചുവടെ ചേർക്കുന്ന ബാങ്ക് കെട്ടിടങ്ങളെ ബങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യുവൽ സ്റ്റേഷൻ എന്ന ഗണത്തിൽ പെടുത്തിയാണ് വസ്തുനികുതി ഈടാക്കിയിരിക്കുന്നത്.

| ക്രമ നമ്പർ | വാർഡ് നം./ കെട്ടിട നം. | കെട്ടിടത്തിന്റെ വിവരം | കെട്ടിടത്തിന്റെ വിസ്തീർണം M2 | ഈടാക്കിയിരിക്കുന്ന അടിസ്ഥാന വസ്തുനികുതി നിരക്ക് | ഈടാക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തുനികുതി നിരക്ക് |
|---|---|---|---|---|---|
| 1 | 8/214 | പട്ടുവം സർവീസ് സഹകരണ ബാങ്ക് | 100 | 30 | 30 (വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ) |
| 2 | 8/215 | പട്ടുവം സർവീസ് സഹകരണ ബാങ്ക് | 118 | 30 | 50 (വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ) |

മേൽ പട്ടികയിലെ ക്രമ നമ്പർ 1 ലെ കെട്ടിടത്തിന്റെ ഒക്യുപ്പൻസി മാറ്റം വരുത്തുമ്പോൾ വസ്തുനികുതിയിൽ വ്യത്യാസം വരുന്നില്ല. ക്രമ നമ്പർ 2 ലെ കെട്ടിടത്തിന്റെ ഒക്യുപ്പൻസി മാറ്റം വരുത്തുമ്പോൾ വസ്തുനികുതി ചുവടെ ചേർക്കും പ്രകാരം മാറ്റം വരുന്നുണ്ട്.

| ഇനം | ഈടാക്കിയ തുക | ഈടാക്കേണ്ടിയിരുന്ന തുക |
|---|---|---|
| അടിസ്ഥാന വസ്തു നികുതി | 118 X 30 = 3540 | 118x50 = 5,900 |
| വർധന – വഴി (20%) | 3540 X 20/100 = 708 | 5900 X 20/100 = 1180 |
| ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ് (5%) | 4248 X 5/100 = 212.4 | 7080 X 5/100 = 354 |

| | | |
|---|---|---|
| ആകെ | 4036 (3540+708-212.4) | 6726 (5900+1180-354) |
| ലൈബ്രറി സെസ് | 202 | 336 |
| ആകെ വസ്തു നികുതി | 4238 | 7062 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13 തീയതി 17.12.2021) മറുപടിയായി കെട്ടിടങ്ങളുടെ ഒക്യൂപ്പൻസി വാണിജ്യ ഗണത്തിലേക്ക് മാറ്റി വസ്തു നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 എഫ്.ടി.ഇ & ഒ എസ് ലൈസൻസ് അനുവദിച്ചതിലെ അപാകതകൾ

31.10.2017 ന് പ്രാബല്യത്തിൽ വന്ന കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ, 2017 ലെ ചട്ടം 7 പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നത് വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷകളിൽ ഫീൽഡ് പരിശോധനയുടെ അടിസ്ഥാനത്തിൽ മൂലധന നിക്ഷേപം കണക്കാക്കി അന്വേഷണ റിപ്പോർട്ടിൽ രേഖപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടത്. 17.01.2020 ലെ പഞ്ചായത്ത് ഭരണസമിതി തീരുമാന പ്രകാരം ഗ്രാമപഞ്ചായത്തിൽ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ എഫ്.ടി.ഇ & ഒ എസ് ലൈസൻസ് ഈടാക്കി തുടങ്ങിയതാണ്. എന്നാൽ 2020-21 സാമ്പത്തിക വർഷം എഫ്.ടി.ഇ & ഒ എസ് ലൈസൻസ് എടുക്കാൻ ഗ്രാമ പഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷകളിലൊന്നും തന്നെ അന്വേഷണ റിപ്പോർട്ട് രേഖപ്പെടുത്തിയിട്ടില്ല. അന്വേഷണ റിപ്പോർട്ട് ഇല്ലാതെ/ മൂലധന നിക്ഷേപം രേഖപ്പെടുത്താതെ ലൈസൻസ് ഫീസ് നിശ്ചയിച്ചതിന്റെ മാനദണ്ഡം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 8 തീയതി 17.12.2021) മറുപടിയായി അന്വേഷണ റിപ്പോർട്ടും മൂലധനനിക്ഷേപവും അപേക്ഷകളിൽ രേഖപ്പെടുത്താൻ വിട്ട് പോയതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഫീൽഡ് തല അന്വേഷണ റിപ്പോർട്ടും അത് പ്രകാരം കണക്കാക്കിയിട്ടുള്ള മൂലധന നിക്ഷേപവും ആയത് പ്രകാരം നിശ്ചയിച്ചിട്ടുള്ള ലൈസൻസ് ഫീസും അപേക്ഷയിൽ രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-14 മോട്ടോർ റണ്ണിങ് ഫീസ് ഈടാക്കിയതിലെ അപാകതകൾ - 2900/- രൂപ വരവ് നഷ്ടം

കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ, 2017-ലെ ചട്ടം 18, 19 പട്ടിക-III-ൽ വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രങ്ങൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കേണ്ട മോട്ടോർ റണ്ണിങ് ഫീസ് വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 2020-21 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചപ്പോൾ, ചുവടെ ചേർത്ത സ്ഥാപനങ്ങളിൽ നിന്ന്മോട്ടോർ റണ്ണിങ് ഫീസ് ഈടാക്കിയതുമായി ബന്ധപ്പെട്ട് അപാകതകൾ കാണാൻ സാധിച്ചു.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | സംരംഭം | കെട്ടിട നമ്പർ | ഈടാക്കിയ മോട്ടോർ റണ്ണിങ് ഫീസ് | അപാകത |
|---|---|---|---|---|---|
| 3 | അജയകുമാർ കെ എം | പ്ലൈ വുഡ് നിർമാണം | VIII/4,5 | 1000 | സ്ഥാപനത്തിൽ 95 HP മോട്ടോർ ഉപയോഗിക്കുന്നതായി അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അപേക്ഷയോടൊപ്പം സമർപ്പിച്ചിരിക്കുന്ന,ഡിവിഷനൽ ഫോറസ്റ്റ് ഓഫീസർ അനുവദിച്ച ലൈസൻസിൽ (License For Saw Mills Or Other Wood Based Industries) സ്ഥാപനത്തിൽ ആകെ 33 മെഷീനുകൾ |

| | | | | | |
|---|---|---|---|---|---|
| | | | | | ഉപയോഗിക്കുന്നുണ്ടെന്നും അവയുടെ ആകെ പവർ 194 എച്ച്.പി. ആണെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് പ്രകാരം ഈടാക്കേണ്ടിയിരുന്ന മോട്ടോർ റണ്ണിങ് ഫീസ് 2000 രൂപയാണ്. 1000 രൂപയുടെ കുറവ് |
| 4 | അജയകുമാർ കെ എം | പ്ലൈ വുഡ് നിർമാണം | 8/6A | 200 | സ്ഥാപനത്തിൽ 15 HP മോട്ടോർ ഉപയോഗിക്കുന്നതായി അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അപേക്ഷയോടൊപ്പം സമർപ്പിച്ചിരിക്കുന്ന,ഡിവിഷനൽ ഫോറസ്റ്റ് ഓഫീസർ അനുവദിച്ച ലൈസൻസിൽ (License For Saw Mills Or Other Wood Based Industries) സ്ഥാപനത്തിൽ ആകെ 6 മെഷീനുകൾ ഉപയോഗി ക്കുന്നുണ്ടെന്നും അവയുടെ ആകെ പവർ 99 എച്ച്.പി. ആണെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് പ്രകാരം ഈടാക്കേണ്ടിയിരുന്ന മോട്ടോർ റണ്ണിങ് ഫീസ് 1000 രൂപയാണ്. 800 രൂപ കുറവ് |
| 5 | എ കെ സുനിത | ബ്ലാക്ക് ബോർഡ് നിർമാണം | 8/6 | 1000 | സ്ഥാപനത്തിൽ 100 HP മോട്ടോർ ഉപയോഗിക്കുന്നതായി അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അപേക്ഷയോടൊപ്പം സമർപ്പിച്ചിരിക്കുന്ന, ഡിവിഷനൽ ഫോറസ്റ്റ് ഓഫീസർ അനുവദിച്ച ലൈസൻസിൽ (License For Saw Mills Or Other Wood Based Industries) സ്ഥാപനത്തിൽ ആകെ 15 മെഷീനുകൾ ഉപയോഗിക്കുന്നുണ്ടെന്നും അവയുടെ ആകെ പവർ 137.5 എച്ച.പി. ആണെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് പ്രകാരം ഈടാക്കേണ്ടിയിരുന്ന മോട്ടോർ റണ്ണിങ് ഫീസ് 2000 രൂപയാണ്. 1000 രൂപ കുറവ് |
| 9 | വി ടി കരുണാകരൻ | വെൽഡിങ് ഷോപ്പ് | 9/329 | - | സ്ഥാപനത്തിൽ 9 HP പവർ ഉള്ള മോട്ടോർ ഉപയോഗിക്കുന്നതായി അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട് മോട്ടോർ റണ്ണിങ് ഫീസ് (100 രൂപ) ഈടാക്കിയിട്ടില്ല. |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 9 തീയതി 16.12.2021) മറുപടിയായി മേൽ പട്ടികയിലെ സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കിയിട്ടുള്ള മോട്ടോർ റണ്ണിങ് ഫീസിൽ കുറവ് വന്ന തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കുറവ് വന്ന തുക 2900 രൂപ ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 നിലവിലുള്ള കെട്ടിടത്തിൽ കൂട്ടിച്ചേർക്കലുകൾക്ക് പെർമിറ്റ് ഫീസ് കുറവായി ഈടാക്കി - 819 രൂപ വരവ് നഷ്ടം

2019 ലെ കേരളാ പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 9 പ്രകാരം 150m2 വരെ Built-up Area ഉള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് പെർമിറ്റ് ഫീയുടെ 50% ഈടാക്കിയാൽ മതി. എന്നാൽ നിലവിലുള്ള കെട്ടിടത്തിൽ കൂട്ടിച്ചേർക്കലുകൾ വരുമ്പോൾ ആകെയുള്ള Built-up Area (Existing+proposed), 150m2 ന് മുകളിൽ ആണെങ്കിൽ കൂട്ടിച്ചേർത്ത ഭാഗത്തിന് മുഴുവനായും പെർമിറ്റ് ഫീ വാങ്ങേണ്ടതാണ്. എന്നാൽ താഴെപ്പറയുന്ന, പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് കൂട്ടിച്ചേർക്കൽ വരുത്തുന്നതിനുള്ള അപേക്ഷയിൽ ആകെയുള്ള Permit Area (Existing+proposed) കണക്കാക്കാതെയാണ് പെർമിറ്റ് ഫീ ഈടാക്കിയിരിക്കുന്നത്.

| പെർമിറ്റ് രജിസ്റ്ററിലെ ക്രമ നമ്പർ | കെട്ടിട ഉടമയുടെ പേര് | പെർമിറ്റ് അപേക്ഷ നമ്പർ | കെട്ടിടത്തിന്റെ വിസ്തീർണം | ഈടാക്കിയ പെർമിറ്റ് ഫീസ് | ഈടാക്കേണ്ടിയിരുന്ന പെർമിറ്റ് ഫീസ് | കുറവ് വന്ന തുക |
|---|---|---|---|---|---|---|
| 118 | സത്യനാഥൻ എ | 348/21 Dated 19.01.2021 | Ex.GF – 130.81<br>Prop. FF – 96.81<br>Ex. Shed – 17.93<br>Total – 245.55<br>Total Additional Area – 96.81 | 339 (96.81 X 3.5) | 678 (96.81 X 7) | 339 |
| 137 | ആലത്തിൻ കീഴിൽ രാജൻ | 729/21 Dated 05.02.2021 | Prop. GF – 127.89<br>Prop. FF – 9.17<br>Ex. Bldg – 74.71<br>Total – 211.77<br>Total Additional Area – 137.06 | 480 (137.06x3.5) | 960 (137.06x7) | 480 |
| | | | | | ആകെ | 819 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 27 തീയതി 20.12.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. കുറവ് വന്ന തുക 819 രൂപ അപേക്ഷകരിൽ നിന്ന് ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 റെഗുലറൈസേഷൻ ഫീസ് കുറവായി ഈടാക്കി - 342 രൂപ വരവ് നഷ്ടം

KPBR 2019, Rule 95 പ്രകാരം റഗുലറൈസ് കെട്ടിടങ്ങളുടെ ഉടമകളിൽ നിന്ന് കോമ്പൗണ്ടിങ് ഫീസായി ഈടാക്കേണ്ടത്, പെർമിറ്റ് ഫീസായി ഈടാക്കേണ്ടിയിരുന്ന തുകയുടെ ഇരട്ടിയാണ്. ഗ്രാമ പഞ്ചായത്തിൽ പരിപാലിച്ചു വരുന്ന പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർത്ത, പാർപ്പിടാവശ്യത്തിനുള്ള കെട്ടിടം റെഗുലറൈസ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഈടാക്കിയ ഫീസ് കുറവാണെന്ന് കാണാൻ സാധിച്ചു.

| കെട്ടിട ഉടമയുടെ പേര് | അപേക്ഷ നമ്പർ | കെട്ടിടത്തിന്റെ വിസ്തീർണം | ഈടാക്കിയ റെഗുലറൈസേഷൻ ഫീസ് | ഈടാക്കേണ്ടിയിരുന്ന റെഗുലറൈസേഷൻ ഫീസ് | കുറവ് വന്ന തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| മേഴ്സി കെ പി | 155/21 Dated 11/01/2021 | GF – 75.67<br>FF- 22.15<br>Total – 97.82 | 343<br>(97.82 X 3.5) | 685<br>(97.82 X 3.5 X 2) | 342 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 26 തീയതി 20.12.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. കുറവ് വന്ന തുക 342/- രൂപ അപേക്ഷകയിൽ നിന്ന് ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 കെട്ടിട നിർമ്മാണത്തിന് അനുമതി നൽകൽ - രജിസ്റ്റർ സൂക്ഷിപ്പിലെ അപാകത

കെട്ടിട നിർമ്മാണത്തിനായുള്ള അപേക്ഷ ലഭിക്കുന്നതു മുതൽ നിർമ്മാണം പൂർത്തിയാക്കി അസ്സസ്സ്മെന്റ് നമ്പർ ചേർക്കുന്നതു വരെയുള്ള വിവരങ്ങൾ ലഭ്യമാകുന്ന രീതിയിലാണ് കെട്ടിടനിർമ്മാണ പെർമിറ്റ് അപേക്ഷ രജിസ്റ്ററിന്റെ പ്രഫോർമ. എന്നാൽ കെട്ടിടത്തിന്റെ നിർമ്മാണ പൂർത്തീകരണം സംബന്ധിച്ച വിവരങ്ങൾ, കെട്ടിടനമ്പർ നൽകിയതിന്റെ വിവരങ്ങൾ എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ഇത് കാരണം പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് കെട്ടിട നമ്പർ നൽകി നികുതി ചുമത്തുന്നതിന്റെ കൃത്യത ഉറപ്പു വരുത്താൻ കഴിയുന്നില്ല. ആയതിനാൽ പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുകയോ കാലാവധിക്ക് ശേഷം പെർമിറ്റ് പുതുക്കുകയോ ചെയ്യാത്ത കെട്ടിടങ്ങളെ കണ്ടെത്താൻ സാധിക്കുന്നില്ല. അനധികൃത നിർമ്മാണങ്ങൾ വർദ്ധിക്കുന്നതിനും വരുമാന നഷ്ടം ഉണ്ടാകുന്നതിനും ഇത് കാരണമായേക്കാം.

കെട്ടിട നിർമ്മാണത്തിനായുള്ള അപേക്ഷ ലഭിക്കുന്നതു മുതൽ നിർമ്മാണം പൂർത്തിയാക്കി അസ്സസ്സ്മെന്റ് നമ്പർ ചേർക്കുന്നതു വരെയുള്ള വിവരങ്ങൾ കെട്ടിടനിർമ്മാണ പെർമിറ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതും അനധികൃത നിർമ്മാണങ്ങൾ നടക്കുന്നില്ലെന്നും പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാകുന്നില്ലെന്നും ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-18 എസ് എൽ ഐ പ്രീമിയം നിശ്ചിത നിരക്കിൽ ഒടുക്കുന്നില്ല

ജി ഒ (പി) നം.149/2016/ഫിൻ തീയതി 4.10.2016 പ്രകാരം 1.1.2017 പ്രാബല്യത്തിൽ ജീവനക്കാരുടെ പോളിസി നിരക്ക് പുതുക്കി നിശ്ചയിട്ടുണ്ട്. എന്നാൽ ചുവടെ ചേർത്തിട്ടുള്ള ജീവനക്കാർ നിർദ്ദിഷ്ട നിരക്കിലും കുറവായിട്ടാണ് എസ് എൽ ഐ പ്രീമിയം ഒടുക്കുന്നത്.

| ക്രമ നം | പേര്/തസ്തിക /അടിസ്ഥാന ശമ്പളം | ഒടുക്കുന്ന മാസ വരിസംഖ്യ രൂപ | ഒടുക്കേണ്ടത് രൂപ |
|---|---|---|---|
| 1 | ശ്രീ. രവീന്ദ്രൻ യു വി, അക്കൌണ്ടന്റ് 35700-രൂപ | 300/- | 500/- |
| 2 | ശ്രീ.ഹുസൈൻ സി, ഹെഡ് ക്ലർക്ക് 35,700/-രൂപ | 350/- | 500/- |
| 3 | ശ്രീ ഇല്യാസ് സി, ഓഫീസ് അറ്റന്റന്റ് 23,400/- രൂപ | 150/- | 300/- |

സർക്കാർ ഉത്തരവ് പ്രകാരമുള്ള പ്രീമിയം ഒടുക്കാത്തതിന് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 20/16.12.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ കാലാകാലങ്ങളിൽപുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കനുസൃതമായി ജീവനക്കാരുടെ എസ് എൽ ഐ പ്രീമിയം വർദ്ധിപ്പിച്ച നിരക്കിൽ അടവാക്കാൻ ശ്രദ്ധിക്കേണ്ടതും മേൽ ജീവനക്കാർ അധിക പ്രീമിയം എടുക്കേണ്ടതുമാണ്.

## 1-19 തെരുവ് വിളക്ക് വാങ്ങൽ - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റിന്റെ പേര് | തെരുവ് വിളക്ക് |

| | |
|---|---|
| | വാങ്ങൽ |
| പ്രോജക്ട് നം. | 134/21 (Spill Over) |
| അടങ്കൽ | ₹ 78690 (CFC) |
| ചെലവ് | ₹ 78690 |
| ബിൽ നം. , തീയതി | 12/30.9.2020 |

പഞ്ചായത്തിലെ പുതുതായി ലൈൻ വലിച്ച സ്ഥലങ്ങളിൽ 30 തെരുവ് വിളക്കുകൾ വാങ്ങി സ്ഥാപിക്കുന്നതാണ് പ്രോജക്ട്. ഇതിനായി 36W LED വിളക്ക് 10 എണ്ണവും 18W LED വിളക്ക് 20 എണ്ണവും ക്രൂസിൽ നിന്നും വാങ്ങിയിട്ടുണ്ട്. പ്രോജക്ട് നിർവഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ക്രൂസ് അഡ്മിസ്റ്റേറ്റീവ് ഓഫീസർ പഞ്ചായത്ത് സെക്രട്ടറിയുമായി 20.3.2020 ന് ഏർപ്പെട്ട കരാർ ഉടമ്പടിയിലെ ക്രമ നം. 9 പ്രകാരം LED വിളക്ക് വിതരണം ചെയ്ത തീയതി മുതൽ 24 മാസമാണ് വാറണ്ടി. എന്നാൽ ടി വിളക്കുകൾ എന്നാണ് പഞ്ചായത്തിൽ ലഭിച്ചതെന്ന വിവരം ലഭ്യമല്ല.

2. 2018-19 വർഷത്തെ പദ്ധതി പ്രകാരം ക്രൂസിൽ നിന്നും വാങ്ങിച്ച 56 LED വിളക്കുകളും 2019-20 ൽ വാങ്ങിയ 30 വിളക്കുകളും ഉൾപ്പെടെ 86 വിളക്കുകൾ 2020-21 വർഷം സ്ഥാപിച്ചതായി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.. 2018-19 വർഷം വാങ്ങിയ LED വിളക്കുമായി ബന്ധപ്പെട്ട കരാറിലും വിതരണം ചെയ്ത തീയതി മുതൽ 24 മാസമാണ് വാറണ്ടി. സ്റ്റോക്ക് രജിസ്റ്റർ പേജ് 24 പ്രകാരം 6.2.2019 നാണ് വിളക്കുകൾ ലഭിച്ചിട്ടുള്ളത്. ആയത് പ്രകാരം വാറണ്ടി കാലാവധി കഴിഞ്ഞ ശേഷമാണ് എൽ.ഇ.ഡി. വിളക്കുകൾ സ്ഥാപിച്ചത്.

3.കേരള ഗ്രാമ ജ്യോതി ലൈറ്റിംഗ് - ഫീൽഡ് സർവീസ് റിപ്പോർട്ടിൽ സർവീസ് ടെക്നീഷ്യനും വാർഡ് മെമ്പർമാരും പേര്, ഒപ്പ്, തീയതി എന്നീ വിവരങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല.

4. തെരുവുവിളക്ക് പരാതി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല. രജിസ്റ്ററിൽ ക്രമ നം., തീയതി, പോസ്റ്റ്, സ്ഥലം, വാർഡ് നം, പരാതി നൽകിയ വ്യക്തിയുടെ പേര്, പരാതി പരിഹരിച്ചു / ഇല്ല എന്നീ വിവരങ്ങളാണ് ഉൾപ്പെടുത്തിയത് .എന്നാൽ എന്താണ് പരാതി എന്ന കാര്യം ഉൾപ്പെടുത്തിയിട്ടില്ല.

5. അറ്റകുറ്റ പണി രജിസ്റ്റർ, Register Of Unservicable Items എന്നിവ സൂക്ഷിച്ചിട്ടില്ല.

മേൽ പരാമർശങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 34/20.12.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
തെരുവ് വിളക്കുകൾ ലഭ്യമായ തീയതയിൽ തന്നെ സ്റ്റോക്കിലെടുക്കേണ്ടതും ആയതിന്റെ വാറണ്ടി കാലയളവ് കൃത്യമായി രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്. കാലതാമസം കൂടാതെ വിളക്കുകൾ സ്ഥാപിക്കേണ്ടതും സ്ഥാപിച്ചതിന്റെ വിവരങ്ങൾ രജിസ്റ്ററിൽ ചേർക്കേണ്ടതുമാണ്. വാറണ്ടി കാലയളവ് കഴിഞ്ഞതിന് ശേഷം വിളക്കുകൾ സ്ഥാപിക്കുന്നത് ശരിയായ നടപടിക്രമമല്ല. ഭാവിയിൽ ഇത് ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
ക്രമ നമ്പർ 4, 5-ൽ പരാമർശിച്ച രജിസ്റ്ററുകൾ പൂർണ്ണമായ രേഖപ്പെടുത്തലോടുകൂടി കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-20 പൊതുകുടിവെള്ളക്കരം - കുടിശ്ശിക 4275889/- രൂപ

കേരള വാട്ടർ അതോറിറ്റി പൊതു കുടിവെള്ളക്കരമായി 89 ടാപ്പുകൾക്ക് പ്രതിമാസം 38938 രൂപയുടെ ഡിമാന്റ് നോട്ടീസാണ് നൽകുന്നത്. എന്നാൽ പഞ്ചായത്ത് 01.04.2020 മുതൽ 7 ടാപ്പുകളുടെ വെള്ളക്കരമാണ് അടച്ചുകൊണ്ടിരിക്കുന്നത്. ടി ടാപ്പുകളുടെ 10 മാസത്തെ വെള്ളക്കരമായ 30625 രൂപ പ്രോജക്ട് മുഖേന ബിൽ നം. 34/31.3.21 പ്രകാരം അടവാക്കിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം 31.3.2021-ലെ കുടിശ്ശിക 4275889/- രൂപ ആണ്. ഇതിൽ 28.2.21-ലെ നീക്കിയിരിപ്പായ 4155427/- രൂപ, പിഴ 81524 രൂപ, 2021 മാർച്ച് മാസത്തെ ഡിമാന്റായ 38938/- രൂപയും ഉൾപ്പെടുന്നു.

30.01.2020-ന് സംയുക്ത പരിശോധന നടത്തുകയും 89 ടാപ്പുകൾ ഉണ്ടെന്ന് റിപ്പോർട്ട് ചെയ്യുകയും ചെയ്തിരുന്നു. ടി റിപ്പോർട്ട് 07.03.20-ന് ചേർന്ന യോഗത്തിൽ ഭരണസമിതി വിലയിരുത്തുയും 24.12.14-ലെ 90/14(1)-ാം നമ്പർ തീരുമാന പ്രകാരം ഉപയോഗമില്ലാത്തതിനാൽ ഒഴിവാക്കാനായി നൽകിയ ടാപ്പുകളുടെ വിവരങ്ങൾ കൂടി സംയുക്ത പരിശോധനയ്ക്ക് ശേഷം നൽകിയ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് കണ്ടെത്തിയതിനെ തുടർന്ന് 7 ടാപ്പുകൾ മാത്രം നിലനിർത്തുന്നതിനും അതിന് ആനുപാതികമായി മാത്രം ഡിമാന്റ് നോട്ടീസ് നൽകുവാനും കേരള വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും വെള്ളക്കരം കുറയ്ക്കുന്നതിനുള്ള യാതൊരു നടപടിയും കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചിട്ടില്ല. വെള്ളക്കര കുടിശ്ശികയും പിഴയും ഒഴിവാക്കി കിട്ടുന്നതിനായി കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവർക്കൊക്കെ ഭരണ സമിതി തീരുമാനത്തോടെയുള്ള കത്ത് നൽകിയിട്ടുണ്ട്.

വെള്ളക്കര കുടിശ്ശിക ഒഴിവാക്കി കിട്ടുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ

അറിയിക്കേണ്ടതുമാണ്.

## 1-21 പട്ടുവം കുടുംബാരോഗ്യ കേന്ദ്രം കെട്ടിട വിപുലീകരണം - ബ്ലോക്ക് പഞ്ചായത്ത് വിഹിതം കൈമാറിയത് - വിനിയോഗ സാക്ഷ്യ പത്രം ലഭ്യമായിട്ടില്ല – 5,00,000 രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ പേര് | പട്ടുവം കുടുംബാരോഗ്യ കേന്ദ്രം കെട്ടിട വിപുലീകരണം |
| പ്രോജക്ട് നം. | 174/21 |
| അടങ്കൽ | ₹1,000 (തനത് ഫണ്ട്)<br>₹5,00,000 (ബ്ലോക്ക് പഞ്ചായത്ത്) |
| ചെലവ് | ₹5,00,000 |
| വൌച്ചർ നം. & തീയതി | 22000607/8.1.2021 |

പട്ടുവം കുടുംബാരോഗ്യ കേന്ദ്രം കെട്ടിട വിപുലീകരണവുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്ത് വിഹിതമായ 5,00,000 രൂപ District Health FW Society യുടെ പേരിലുള്ള ICICI ബാങ്ക് കണ്ണൂർ - ന്റെ അക്കൗണ്ട് നമ്പരായ 018101010266-ൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ടി തുകയുടെ കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യ പത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.4/16.12.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് ഫയൽ, എസ്റ്റിമേറ്റ്, അസി.എഞ്ചിനീയറുടെ റിപ്പോർട്ട്, തുകയുടെ കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവയുടെ അഭാവത്തിൽ 5,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-22 ഐ കെ എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

ഐ കെ എം വിഹിതം നൽകൽ എന്ന പദ്ധതിക്ക് വികസന ഫണ്ടിൽ നിന്ന് 41,902 രൂപ നിർവഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി പിൻവലിച്ച് (ബിൽ നം.16 തീയതി 1.11.2020) ഐ കെ എം പ്രോജക്ട് ഡയറക്ടറുടെ പേരിലുള്ള അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ട് എന്നാൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-23 മൃഗാശുപത്രിയിലേക്ക് ഇൻവർട്ടർ വാങ്ങൽ - ₹85,000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ,<br>വെറ്റിനറി ഡിസ്പെൻസറി പട്ടുവം |
| പദ്ധതിയുടെ പേര് | മൃഗാശുപത്രിയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ |
| പ്രൊജക്ട് നം | 32/21 |
| അടങ്കൽ | ₹1,00,000/- [മെയിന്റനൻസ് ഫണ്ട് (റോഡിതരം)] |
| ചെലവ്: ബിൽനം/തീയ്യതി/തുക | 25/20-21 തീയതി 25.03.2021 ₹85,000<br>ആകെ - ₹85,000 |

അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിന് വേണ്ടി മൃഗാശുപത്രിക്ക് ഇൻവർട്ടർ വാങ്ങി നൽകുന്നതിനാണ് ഈ പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. പദ്ധതിയുടെ ഭാഗമായി പി ഡബ്ല്യു ഡി ഇലക്ട്രോണിക്സ് വിഭാഗത്തിൽ നിന്നുള്ള 03.02.2021 തീയ്യതിയിലെ ഇ എ – 2/020/2021 വി.ഡി നമ്പർ കത്ത് പ്രകാരം അറിയിച്ച ₹85,000 എസ്റ്റിമേറ്റിലുള്ള ഇൻവെർട്ടർ സുപ്രീം ബാറ്ററി ഹൌസ് കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്ന് GeM പോർട്ടൽ മുഖാന്തിരം വാങ്ങിയിട്ടുണ്ട്.ഇതുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1) GeM പോർട്ടലിൽ ബിഡിങ് പ്രക്രിയയിലൂടെയാണ് പർച്ചേസ് നടത്തിയിരിക്കുന്നത്. GAADI BACHAO, Supreme Hi Tech Electro Equipment, Supreme Battery House എന്നീ സ്ഥാപനങ്ങളാണ് ബിഡിങ്ങിൽ പങ്കെടുത്തിട്ടുള്ളത്. GAADI BACHAO, Supreme Hi Tech Electro Equipment എന്നീ സ്ഥാപനങ്ങളെ ടെക്നിക്കൽ സ്പെസിഫിക്കേഷൻ മിസ് മാച്ച് എന്ന കാരണം കാണിച്ചാണ് ഒഴിവാക്കിയിരിക്കുന്നത്. എന്നാൽ ഈ സ്ഥാപനങ്ങൾ ബിഡ് ചെയ്ത ഇൻവെർട്ടറുകളുടെ വില സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. കൂടാതെ ബിഡിങ്ങുമായി ബന്ധപ്പെട്ട് GeM പോർട്ടലിൽ ജനറേറ്റ് ചെയ്ത കംപാരിസൺ ചാർട്ടും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2) പർച്ചേസ് ചെയ്ത ഇൻവെർട്ടർ പി ഡബ്ല്യു ഡി നിശ്ചയിച്ച സ്പെസിഫിക്കേഷൻ പ്രകാരം ഉള്ളതു തന്നെയാണ് എന്ന് തെളിയിക്കുന്നതിന് ക്ഷമതയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3) ഇൻവെർട്ടർ സ്ഥാപനത്തിൽ സ്ഥാപിച്ചിട്ടുണ്ട് എന്ന് തെളിയിക്കുന്ന ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം 25 തീയതി 20.12.2021) നൽകിയതിനെ തുടർന്ന് അപാകതകൾ പരിശോധിച്ച് മറുപടി ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുക ₹85,000 തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-24 റേറ്റ് കോൺട്രാക്ടിൽ ഇല്ലാത്ത ഇനം ടെൻഡർ നടപടി കൂടാതെ സിഡ്കോയിൽ നിന്ന് വാങ്ങി - 95535/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ,<br>പട്ടുവം ഗ്രാമപഞ്ചായത്ത്. |
| പദ്ധതിയുടെ പേര് | അങ്കണവാടികൾക്ക് ഫർണിച്ചർ |
| പ്രൊജക്ട് നം | 12/21 |
| അടങ്കൽ | ₹1,74,835/- [മെയിന്റനൻസ് ഫണ്ട് (റോഡിതരം)] |
| ബിൽനം/തീയ്യതി/തുക | 08/20-21 തീയതി 30.10.2020 ₹1,74,508<br>ആകെ - ₹1,74,508 |

പദ്ധതിയുടെ ഭാഗമായി സ്റ്റീൽ കാബിനറ്റ് (7 എണ്ണം), പ്ലാസ്റ്റിക്ക് ആം ചെയർ - നീൽകമൽ (165 എണ്ണം) എന്നിവ സിഡ്കോയിൽ നിന്ന് നേരിട്ടാണ് വാങ്ങിയിട്ടുള്ളത്. സിഡ്കോയിൽ നിന്ന് ടെണ്ടർ നടപടിക്രമങ്ങൾ കൂടാതെ വാങ്ങാവുന്ന ഉൽപ്പന്നങ്ങളുടെ വില നിശ്ചയിച്ചിട്ടുള്ള സർക്കാർ ഉത്തരവ് (ആർ.ടി.)26/2015/എസ്.പി.ഡി. തീയതി 28.05.15-ൽ പ്രകാരമുള്ള വിലയായ 7479 രൂപയ്ക്കാണ് സ്റ്റീൽ കാബിനറ്റ് (168x83x45 Cm-20g) വങ്ങിയിട്ടുള്ളത്. എന്നാൽ 'സിഡ്കോ' എന്ന സ്ഥാപനത്തിന് റേറ്റ് കോൺട്രാക്ട് അനുവദിച്ചിട്ടുള്ള സർക്കാർ ഉത്തരവ് (ആർ.ടി.) 33/17 എസ്.പി.ഡി. തീയതി 17-6-17 ൽ പ്ലാസ്റ്റിക്ക് ആം ചെയർ - നീൽകമൽ എന്ന ഇനം ഉൾപ്പെടുന്നില്ല. റേറ്റ് കോൺട്രാക്ടിൽ ഉൾപ്പെടാത്ത ഇനങ്ങൾ സാധാരണ സ്റ്റോർ പർച്ചേസ് നടപടിക്രമങ്ങളിലൂടെ മാത്രമേ വാങ്ങാവൂ എന്ന് പ്രസ്തുത ഉത്തരവിൽ സൂചിപ്പിച്ചിട്ടുണ്ട്. കൂടാതെ, 14.11.2019-ലെ സർക്കാർ ഉത്തരവ് (ആർ.ടി.) നമ്പർ 49/19/എസ്.പി.ഡി., കണ്ഡിക 3(iii) പ്രകാരം സിഡ്കോ സ്വന്തമായി നിർമ്മിക്കുന്ന ഉൽപന്നങ്ങൾ മാത്രമേ ടെൻഡർ നടപടിക്രമങ്ങൾ കൂടാതെ വാങ്ങാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മേൽ ഉത്തരവിൽ പരാമർശിച്ച ഉൽപ്പന്നങ്ങളിൽ പ്ലാസ്റ്റിക് ആംചെയർ നീൽകമൽ ഉൾപ്പെടുന്നില്ല. പർചേസ് നടപടിക്രമങ്ങൾ പാലിക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 33 തീയതി 20.12.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയുടെ അടിസ്ഥാനത്തിൽ പ്ലാസ്റ്റിക് ആംചെയർ വാങ്ങിയതിന് ചെലവായ 95535/- രൂപ തടസ്സപ്പെടുത്തുന്നു. വിശദീകരണം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

റേറ്റ് കോൺട്രാക്ടിൽ ഇല്ലാത്ത ഉൽപ്പന്നങ്ങൾ ടെൻഡർ നടപടിക്രമങ്ങളിലൂടെ മാത്രമാണ് വാങ്ങുന്നതെന്ന് ഉറപ്പു വരുത്തേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്.

## 1-25 എസ് സി വിധവകൾക്ക് മുട്ടക്കോഴി വിതരണം - സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ,<br>വെറ്ററിനറി ഡിസ്പൻസറി പട്ടുവം |
| പദ്ധതിയുടെ പേര് | എസ് സി വിധവകൾക്ക് മുട്ടക്കോഴി വിതരണം |
| പ്രൊജക്റ്റ് നം | 34/21 |
| അടങ്കൽ | ₹1,32,000/- (₹99,000 – വികസന ഫണ്ട് എസ്.സി.പി., മറ്റുള്ളവ – 33,000) |
| ബിൽനം/ചെക്ക് നം/തീയ്യതി/തുക | 22/20-21 തീയതി 26.02.2021 ₹16,200<br>വൗച്ചർ നം. 22000760 തീയതി 15.03.2021 ₹5,400<br>ആകെ - ₹21,600 |

എസ് സി വിഭാഗത്തിൽ പെട്ട വിധവകൾക്ക് 10 മുട്ടക്കോഴികളെ 75% സബ്സിഡി നിരക്കിൽ നൽകുന്നതിനായാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. പദ്ധതിയുടെ ഭാഗമായി 18 ഗുണഭോക്താക്കൾക്ക് 10 മുട്ടക്കോഴി വീതം ആകെ 180 മുട്ടക്കോഴികളെ 120 രൂപ നിരക്കിൽ ഷാനു എഗ്ഗർ നഴ്സറി എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 29 തീയതി 20.12.2021) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മുട്ടക്കോഴികളെ സ്റ്റോക്കിൽ എടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും വിശദാംശങ്ങൾ സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ടെന്ന് മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി ഗുണഭോക്താക്കളായ 18 പേർ ഒപ്പിട്ട ഒരു നോട്ട് ബുക്ക് മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. പദ്ധതിയുടെ പേര്, കൈപ്പറ്റിയ മുട്ടക്കോഴികളുടെ എണ്ണം, മുട്ടക്കോഴികളെ കൈപ്പറ്റിയ തീയതി, മുട്ടക്കോഴികളെ സ്റ്റോക്കിൽ എടുത്തതിന്റെ വിശദാംശങ്ങൾ എന്നിവയൊന്നും തന്നെ ആയതിൽ രേഖപ്പെടുത്തിയിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുക 21600/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-26 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി അപാകതകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ,<br>വെറ്ററിനറി ഡിസ്പൻസറി പട്ടുവം |
| പദ്ധതിയുടെ പേര് | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| പ്രൊജക്റ്റ് നം | 29/21 |
| അടങ്കൽ | ₹5,00,000/- (₹2,48,098 – വികസന ഫണ്ട്, തനത് ഫണ്ട് - 1,902, മറ്റുള്ളവ – 2,50,000) |
| ബിൽനം/ചെക്ക് നം/തീയ്യതി/തുക | 11/20-21 തീയതി 20.01.2021 ₹2,48,098<br>വൗച്ചർ നം 22000677 തീയതി 03.02.2021 ₹1,902<br>ആകെ - ₹2,50,000 |

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 24 തീയതി 20.12.2021) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടി പരിശോധിച്ച ശേഷം പദ്ധതിയുമായി ബന്ധപ്പെട്ട് തീർപ്പാക്കാൻ അവശേഷിക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1) കന്നുകുട്ടികളിലേതെങ്കിലും ഇക്കാലയളവിനുള്ളിൽ മരണമടയുകയോ വിൽപന നടത്തുകയോ ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമല്ല.

2) പദ്ധതി ഗുണഭോക്താക്കളായ 21 പേരും പദ്ധതിയിൽ തുടരുന്നുണ്ടോയെന്നും പാതി വഴിയിൽ ഉപേക്ഷിച്ചവരുണ്ടോയെന്നും വ്യക്തമല്ല.

3) എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടർ തുക കൈപ്പറ്റിയതിന്റെ രശീത് ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-27 പട്ടിക ജാതി വിദ്യാർത്ഥികൾക്കുള്ള പദ്ധതികൾ- വകുപ്പിൽ നിന്നും ആനുകല്യം ലഭിക്കാത്തത് സംബന്ധിച്ചുള്ള സാക്ഷ്യ പത്രമില്ല.- 244140/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പട്ടുവം ഗ്രാമ പഞ്ചായത്തിലെ ഹെഡ്മിസ്ട്രസ് നിർവഹണ ഉദ്യോഗസ്ഥയായി 2020-21 വർഷത്തിൽ നടപ്പിലാക്കിയ പട്ടിക ജാതി വിദ്യാർത്ഥികൾക്കുള്ള പദ്ധതികളുമായി ബന്ധപ്പെട്ട് ഗുണ ഭോക്താക്കൾക്ക് മുമ്പ് പട്ടിക ജാതി വികസന വകുപ്പിൽ നിന്നും ഇത്തരത്തിലുള്ള ആനുകൂല്യം ലഭിച്ചിട്ടില്ല എന്നതു സംബന്ധിച്ചുള്ള സാക്ഷ്യ പത്രം ലഭ്യമായി കാണുന്നില്ല. പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1.പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് നൽകൽ

| | |
|---|---|
| പ്രോജക്ട് നമ്പർ | S0084/21 |
| പ്രോജക്ടിന്റെ പേര് | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് നൽകൽ |
| അടങ്കൽ | ₹90,000 വികസന ഫണ്ട് എസ്.സി.പി |
| ചെലവഴിച്ച തുക | ₹ 82,380 |
| ബിൽ നമ്പർ,തീയ്യതി തുക | 01/25-03-2021 തുക₹ 82380 |
| ഇൻവോയ്സ് നമ്പർ തീയ്യതി | TVM/TBG/P1/RC/25609/20-21 തീയ്യതി-23-03-2021 |
| ആനുകൂല്യം ലഭിച്ച ഗുണ ഭോക്താക്കളുടെ എണ്ണം | 3 |

2) പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ നൽകൽ

| | |
|---|---|
| പ്രോജക്ട് നമ്പർ | S0101/21 |
| പ്രോജക്ടിന്റെ പേര് | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ നൽകൽ(സ്റ്റീൽ ഓവർ) |
| അടങ്കൽ | ₹ 161760 വികസന ഫണ്ട് എസ്.സി.പി |
| ചെലവഴിച്ച തുക | ₹ 161760 |
| ചെലവഴിച്ച തീയ്യതി/ക്യാഷ് ബുക്ക് പ്രകാരം | 21-04-2020 |
| ഇൻവോയ്സ് നമ്പർ തീയ്യതി | FE/19-20/0306 തീയ്യതി-11-02-2020 |
| ആനുകൂല്യം ലഭിച്ച ഗുണ ഭോക്താക്കളുടെ എണ്ണം | 40 |

പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട മറ്റ് അപാകങ്ങൾ താഴെ ചേർക്കുന്നു.

നിർവഹണ ഉദ്യോഗസ്ഥ സൂക്ഷിച്ചിരിക്കുന്ന ബിൽ ബുക്കിൽ തൻ വർഷ പ്രോജക്ടായ ലാപ് ടോപ് വിതരണത്തിന്റെ ചെലവ് വിവരം മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളു. ക്യാഷ് ബുക്കിൽ ചെലവ് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വൗച്ചർ നമ്പർ നൽകിയിട്ടില്ല. ഇ ബിൽ ബുക്കിന്റെ പകർപ്പ് ഹാജരാക്കിയിട്ടില്ല.

വകുപ്പിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യ പത്രം ഇല്ലാത്ത സാഹചര്യത്തിൽ ക്രമ നമ്പർ 1-ൽ ₹82,380-യും സാക്ഷ്യപത്രം ഇല്ലാതിരുന്നതിനാലും മുകളിൽ പറഞ്ഞ മറ്റ് അപാകതകളാലും ക്രമ നമ്പർ 2-ലെ ₹161760-യും അടക്കം 244140/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-28 ആയുർവേദ ഡിസ്പൻസറിക്ക് ഫർണിച്ചർ വാങ്ങൽ പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,<br>ഗവ. ആയുർവേദ ആശുപത്രി, പട്ടുവം. |

| | |
|---|---|
| പദ്ധതിയുടെ പേര് | ആയുർവേദ ഡിസ്പൻസറിക്ക് ഫർണിച്ചർ വാങ്ങൽ (സ്പിൽ ഓവർ) |
| പ്രൊജക്ട് നം | 142/21 |
| അടങ്കൽ | ₹87,350/- [മെയിന്റനൻസ് ഫണ്ട് (റോഡിതരം)] |
| ബിൽനം/തീയ്യതി/തുക | 11/20-21 തീയതി 07.01.2021 ₹85,750 |

ആയുർവേദ ഡിസ്പൻസറിക്ക് കമ്പ്യൂട്ടർ ടേബിൾ (1 എണ്ണം), കമ്പ്യൂട്ടർ ചെയർ (1 എണ്ണം), സ്റ്റീൽ അലമാര (6 എണ്ണം), സ്റ്റീൽ റാക്ക് (6 എണ്ണം), ഫൂട്ട് സ്റ്റെപ്പ് (1 എണ്ണം), വീൽ ചെയർ (1 എണ്ണം) എന്നീ ഫർണിച്ചറുകൾ വാങ്ങുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത അപാകതകൾ കാണാൻ സാധിച്ചു.

1) ഫർണിച്ചർ വാങ്ങുന്നതിനായി ടെണ്ടർ നടപടിക്രമങ്ങളിലൂടെ അസിം ഡിസൈൻസ് & ഇന്റീരിയർസ് എന്ന സ്ഥാപനത്തെ തെരഞ്ഞെടുക്കുകയും 21/12/2019 ലെ സി-49/2019 നമ്പർ കത്ത് മുഖേന ഫർണിച്ചറുകൾ വിതരണം ചെയ്യാൻ സ്ഥാപനത്തോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കത്ത് ലഭിച്ച് 7 ദിവസത്തിനകം ഫർണിച്ചറുകൾ വിതരണം ചെയ്യാനാണ് കത്തിൽ നിർദ്ദേശിച്ചിരുന്നത്. എന്നാൽ 27/12/2020 നാണ് പ്രസ്തുത സ്ഥാപനം ഫർണിച്ചറുകൾ വിതരണം ചെയ്തിട്ടുള്ളത്.

2) 2019-20 സാമ്പത്തിക വർഷം ഫർണിച്ചറുകൾ ലഭ്യമാകാത്തതിനെ തുടർന്ന് പ്രൊജക്ട് സ്പിൽ ഓവർ പ്രൊജക്ട് ആക്കി മാറ്റണമെന്നാവശ്യപ്പെട്ട് സീനിയർ മെഡിക്കൽ ഓഫീസർ, ഗവൺമെന്റ് ആയുർവേദ ആശുപത്രി പഞ്ചായത്ത് സെക്രട്ടറിക്ക് അയച്ച 20/04/2020 ലെ സി-49/2019 നമ്പർ കത്തിൽ 2019 ഡിസംബർ മാസത്തിൽ ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തിയാക്കിയ ശേഷം സ്ഥാപനം കുറച്ച് ഫർണിച്ചറുകൾ സപ്ലൈ ചെയ്തിരുന്നുവെന്ന് പരാമർശിച്ചിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിൽ നിന്ന് വിതരണം ചെയ്ത ഫർണിച്ചറുകളെല്ലാം സ്റ്റോക്കിൽ എടുത്തിരിക്കുന്നത് 27/12/2020 നാണ്.

3) പദ്ധതിയുമായി ബന്ധപ്പെട്ട ടെണ്ടർ നോട്ടീസ് ലഭ്യമാക്കിയിട്ടില്ല.

4) തുക കൈപ്പറ്റിയത് സംബന്ധിച്ച് അസിം ഡിസൈൻസ് & ഇന്റീരിയർസിൽ നിന്നുള്ള കൈപ്പറ്റ് രശീത് ലഭ്യമാക്കിയിട്ടില്ല.

5) പദ്ധതിയുടെ മോണിറ്ററിങ് റിപ്പോർട്ട്, പൂർത്തീകരണ റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 15 തീയതി 18.12.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-29 ആയുർവേദ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,<br>ഗവ. ആയുർവേദ ആശുപത്രി, പട്ടുവം. |
| പദ്ധതിയുടെ പേര് | ആയുർവേദ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ |
| പ്രൊജക്ട് നം | 22/21 |
| അടങ്കൽ | ₹7,89,519/- [മെയിന്റനൻസ് ഫണ്ട് (റോഡിതരം)] |
| ബിൽനം/തീയ്യതി/തുക | 01/20-21 തീയതി 29.05.2020 ₹3,00,000<br>02/20-21 തീയതി 29.05.2020 ₹3,00,000<br>13/20-21 തീയതി 05.02.2021 ₹1,89,519<br>ആകെ - ₹7,89,519 |

ആയുർവേദ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങുന്നതിനായി ₹7,89,519 ഔഷധിക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത അപാകതകൾ കാണാൻ സാധിച്ചു.

1) ഔഷധിയിൻനിന്ന് ലഭിക്കേണ്ട 7,89,519 രൂപയുടെ മരുന്നുകൾ മുഴുവനും ലഭ്യമായിട്ടില്ല . വിവിധ തവണകളായി 7,74,544 രൂപയ്ക്കുള്ള മരുന്നുകളാണ് ലഭിച്ചിട്ടുള്ളത്. 14,975രൂപയ്ക്കുള്ള മരുന്നുകൾ ഇതുവരെ ലഭിച്ചിട്ടില്ല.

2) 22.06.2020 ലെ 90166211 നമ്പർ ഇൻവോയിസ് പ്രകാരം 500 ഗ്രാമിന്റെ ചിരുവില്വാദി KC (2 എണ്ണം) ഒരെണ്ണത്തിന് 109 രൂപ നിരക്കിൽ 218 രൂപയ്ക്ക് ഔഷധിയിൽ നിന്ന് വാങ്ങിയിട്ടുണ്ട് (ബാച്ച് നം K6186). ഇതിന്റെ ഉപയോഗയോഗ്യമായ കാലയളവ് 06/2020 ആണ്. എന്നാൽ ഇവ വിതരണം ചെയ്തിരിക്കുന്നത് ഉപയോഗയോഗ്യമായ കാലയളവിന് ശേഷമാണ് (സ്റ്റോക്ക് രജിസ്റ്റർ പേജ് നം 27).

3) പദ്ധതിയുടെ മോണിറ്ററിങ് റിപ്പോർട്ട്, പൂർത്തീകരണ റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 14 തീയതി 18.12.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

മരുന്നുകൾ സ്റ്റോക്കിൽ എടുക്കുമ്പോൾ അവയുടെ കാലാവധി പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതും കാലാവധി കഴിഞ്ഞ മരുന്നുകൾ രോഗികൾക്ക് വിതരണം ചെയ്യുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. കൂടാതെ 14,975രൂപയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയത് സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതുമാണ്.

## 1-30 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ

| | |
|---|---|
| പദ്ധതിയുടെ പേര് | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| പ്രൊജക്ട് നം | 10/21 |
| അടങ്കൽ | ₹8,00,000/- (₹4,00,000- വികസന ഫണ്ട്, 2,00,000 - ബ്ലോക്ക് പഞ്ചായത്ത് വിഹിതം, 2,00,000 - ജില്ലാ പഞ്ചായത്ത് വിഹിതം) |
| ബിൽനം/തീയ്യതി/തുക | 09/20-21 തീയതി 30.10.2020 ₹1,27,000<br>10/20-21 തീയതി 14.01.2021 ₹4,00,000<br>11/20-21 തീയതി 25.02.2021 ₹73,000<br>12/20-21 തീയതി 05.03.2021 ₹2,00,000<br>ആകെ - ₹8,00,000 |
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ,<br>പട്ടുവം ഗ്രാമപഞ്ചായത്ത്. |

05.08.2020 ലെ ഭരണ സമിതി യോഗ തീരുമാന പ്രകാരം പദ്ധതി ഗുണഭോക്താക്കളായി 48 വിദ്യാർത്ഥികളെ തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത അപാകതകൾ കാണാൻ സാധിച്ചു.

1) മുഹമ്മദ് കെ പി എന്ന വിദ്യാർത്ഥിയുടെ സ്കൂൾ സർട്ടിഫിക്കറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2) ചുവടെ ചേർത്ത വിദ്യാർത്ഥികൾ അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന ബാങ്ക് അക്കൗണ്ട് നമ്പറും തുക കൈമാറിയിരിക്കുന്ന ബാങ്ക് അക്കൗണ്ട് നമ്പറും വ്യത്യസ്തമാണ്.

| വിദ്യാർത്ഥിയുടെ പേര് | അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന ബാങ്ക് അക്കൗണ്ട് നമ്പർ | തുക കൈമാറിയിരിക്കുന്ന ബാങ്ക് അക്കൗണ്ട് നമ്പർ |
|---|---|---|
| അലീഷ | 67182948798 (SBI) | 40645101040500 (KGB) |

| | | |
|---|---|---|
| അഭിനന്ദ് ടി | 40645101021161 (KGB) | 34610974456 (SBI) |

3) പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം സ്പെഷൽ സ്കൂളുകളിലോ, നോർമൽ സ്കൂളുകളിലോ പഠിക്കുന്ന മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്കോളർഷിപ്പിനു പുറമെ പ്രതിമാസ യാത്രാബത്ത, പഠന സാമഗ്രികൾക്കുള്ള വാർഷിക ബത്ത, പഠനയാത്രയ്ക്കായുള്ള വാർഷികബത്ത എന്നിവയടക്കം പരമാവധി 28500 രൂപ വരെ നൽകാവുന്നതാണ്. ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സബ്സിഡി മാർഗ്ഗരേഖ പ്രകാരം അവർ പഠിക്കുന്ന ക്ലാസിന്റെ അടിസ്ഥാനത്തിൽ അർഹമായ തുക സബ്സിഡിയായി നൽകാവുന്നതാണ്. എന്നാൽ മാർഗ്ഗരേഖ പ്രകാരം സർക്കാർ നിശ്ചയിച്ച തുകയിലും കുറവാണ് വിദ്യാർത്ഥികൾക്ക് അനുവദിച്ചിട്ടുള്ളത്.

4) മാർഗ്ഗരേഖ പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് വാർഷികമായി വസ്ത്രങ്ങൾക്ക് 1500 രൂപയും യാത്രാബത്ത ഇനത്തിൽ 12000 രൂപയും നൽകാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കൾക്ക് ഏതൊക്കെ ഇനങ്ങളിലാണ് തുക അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കിയിട്ടില്ലാത്തതിനാൽ അർഹതപ്പെട്ട യാത്രാ ബത്തയും യൂണിഫോം അലവൻസും വിദ്യാർത്ഥികൾക്ക് അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. ഇക്കാര്യങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 32 തീയതി 20.12.2021) മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-31 സാന്ത്വന പരിചരണ പദ്ധതി- അവലോകനം

പാലിയേറ്റീവ് കെയർ നയരേഖ പ്രസിദ്ധീകരിച്ച ഇന്ത്യയിലെ ആദ്യ സംസ്ഥാനമാണ് കേരളം. 2009ലാണ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സാന്ത്വന പരിചരണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തേണ്ടതെങ്ങനെയെന്ന് വിശദമാക്കിക്കൊണ്ടുള്ള ആദ്യത്തെ മാർഗ്ഗ രേഖ തദ്ദേശ സ്വയം ഭരണ വകുപ്പ് പുറത്തിറക്കിയത്. 2012ൽ പാലിയേറ്റീവ് പരിചരണ പദ്ധതി നിർബ്ബന്ധിത പദ്ധതിയാക്കിക്കൊണ്ട് മാർഗ്ഗ രേഖ പരിഷ്കരിച്ചു. വിദഗ്ധ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ കൂടി ഉൾപ്പെടുത്തി 2015ൽ വീണ്ടും മാർഗ്ഗ രേഖ പരിഷ്കരിച്ചിരുന്നു. പ്രസ്തുത മാർഗ രേഖ സമഗ്രമായി പരിഷ്കരിച്ചു കൊണ്ട് 07-03-2019ലെ സ.ഉ. (സാധാ) നമ്പർ-553/2019/ ത.സ്വ.ഭ.വ നമ്പറായി പുറപ്പെടുവിച്ച മാർഗ രേഖ പ്രകാരമാണ് ഇപ്പോൾ സംസ്ഥാനത്ത് സാന്ത്വന പരിചരണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നത്.

പട്ടുവം ഗ്രാമ പഞ്ചായത്തിലെ പാലിയേറ്റീവ് പരിചരണ സംവിധാനം പരിശോധനാ വിധേയമാക്കിയതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകത നില നിൽക്കുന്നുവെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

സാന്ത്വന പരിചരണ പദ്ധതിയുമായി ബന്ധപ്പെട്ട് മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവഹണ ഉദ്യോഗസ്ഥനായി പട്ടുവം ഗ്രാമ പഞ്ചായത്തിൽ 2020-21 വർഷത്തിൽ രണ്ടു പ്രോജക്ടുകളാണ് നടപ്പിലാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1) പ്രോജക്ട് നമ്പർ-S0086/21

| | |
|---|---|
| പ്രോജക്ടിന്റെ പേര് | സാന്ത്വന പരിചരണം |
| അടങ്കൽ | ₹55,2240 വികസന ഫണ്ട്-3,50,000, ജില്ലാ പഞ്ചായത്ത് വിഹിതം-202240 |
| ചെലവഴിച്ച തുക | ₹ 472970 (വികസന ഫണ്ട്-344805 ജില്ലാ പഞ്ചായത്ത് വിഹിതം-128165) |

2) പ്രോജക്ട് നമ്പർ-S0140/21

| | |
|---|---|
| പ്രോജക്ടിന്റെ പേര് | സാന്ത്വന പരിചരണം (സ്പിൽ ഓവർ) |
| അടങ്കൽ | ₹251015 (വികസന ഫണ്ട്-43175, ജില്ലാ പഞ്ചായത്ത് വിഹിതം-207840) |
| ചെലവഴിച്ച തുക | ₹ 43175 |

മേൽ സൂചിപ്പിച്ചതു പ്രകാരം പട്ടുവം ഗ്രാമ പഞ്ചായത്തിലെ സാന്ത്വന പരിചരണ പദ്ധതിയുടെ നിർവഹണത്തിനായി 2020-21 വർഷം ₹ 516145 (472970+43175) ചെലവഴിച്ചിട്ടുണ്ട്. സാന്ത്വന പരിചരണ പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ ചേർക്കും പ്രകാരമുള്ള അപാകങ്ങൾ കാണുന്നു.

1) ക്രമ നമ്പർ 1 പ്രകാരമുള്ള പ്രോജക്ടിന്റെ നിർവഹണത്തിന്റെ ഭാഗമായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിന്നും മരുന്നു വാങ്ങുന്നതിന് ₹ 1,00000 അഡ്വാൻസായി നൽകിയിരുന്നു.(ബിൽ നമ്പർ-17/23-03-2021) എന്നാൽ രണ്ടു തവണയായി

₹28,298 യുടെ മരുന്നു മാത്രമേ ലഭ്യമാക്കിയതായിട്ടുള്ളൂ. അവശേഷിക്കുന്ന ₹71,702യുടെ മരുന്ന് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിച്ചതായി കാണുന്നില്ല.

2) പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റിയുടെ മിനിട്ട്സ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ മിനിട്ട്സ് ബുക്ക് സ്ഥാപനത്തിൽ ലഭ്യമല്ലാത്തതിനാൽ ഹാജരാക്കാൻ സാധിച്ചില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയത്. മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) ആണ് പി.എം.സിയുടെ മെമ്പർ സെക്രട്ടറി. ഓരോ മാസത്തേയും പ്രവർത്തന അവലോകന റിപ്പോർട്ടും, വരവ് ചെലവ് കണക്കുകളും മെമ്പർ സെക്രട്ടറി തയ്യാറാക്കി രേഖാ മൂലം അവതരിപ്പിച്ച് അംഗീകാരം തേടേണ്ടതാണ്. (മാർഗ്ഗ രേഖ ഖ.2.9.2) മിനിട്ട്സ് ലഭിക്കാത്ത സാഹചര്യത്തിൽ ഇക്കാര്യം പരിശോധനാ വിധേയമാക്കാൻ സാധിച്ചിട്ടില്ല.

പട്ടുവം ഗ്രാമ പഞ്ചായത്തിലെ സാന്ത്വന പരിചരണ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് ഇപ്പോൾ നില നിൽക്കുന്ന അപര്യാപ്തതകൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

സാന്ത്വന പരിചരണ ചെലവുകൾ അർഹിക്കുന്ന പ്രാധാന്യം നൽകുന്നില്ല

അങ്കണവാടി പോഷകാഹാര പരിപാടി പോലെ എല്ലാ വർഷവും തുടർച്ചയായി നടപ്പാക്കേണ്ട പ്രൊജക്ടാണ് സാന്ത്വന പരിചരണം എന്നും രജിസ്റ്റർ ചെയ്ത രോഗികൾക്ക് തുടർച്ചയായി പരിചരണം ലഭ്യമാകുന്നു എന്ന് ഉറപ്പാക്കേണ്ടതുണ്ടെന്നും മാർഗ്ഗരേഖ വ്യക്തമാക്കുന്നു. പ്രോജക്ടിന് അംഗീകാരം ലഭിച്ചില്ലെങ്കിൽ കൂടിയും താത്കാലികമായി തനത് ഫണ്ടിൽ നിന്നും ചെലവ് വഹിച്ച് നടത്തേണ്ടതാണെന്നും ഇങ്ങനെ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക പിന്നീട് പ്രോജക്ടിന് അംഗീകാരം ലഭിച്ചാൽ തനത് ഫണ്ടിലേക്ക് അടക്കാവുന്നതാണെന്നും മാർഗരേഖ നിർദ്ദേശിക്കുന്നു. (ഖ.2.15.4) എന്നാൽ പട്ടുവം ഗ്രാമ പഞ്ചായത്ത് ഈ പദ്ധതിക്ക് അർഹിക്കുന്ന പ്രാധാന്യം നൽകുന്നില്ല എന്നാണ് വ്യക്തമാവുന്നത്. 2020 ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ നഴ്സിന്റെ ഹോണറേറിയം, വാഹന,ഭക്ഷണ ചെലവുകൾ 2020 മെയ് മാസത്തിലാണ് പ്രോജക്ട് ചെലവിന്റെ ഭാഗമായി അനുവദിച്ചിട്ടുള്ളത്. ഹോം കെയർ ടീമിനുള്ള ഭക്ഷണം, കമ്മ്യൂണിറ്റി നഴ്സിനുള്ള ഹോണറേറിയം, വാഹന വാടക മുതലായ ചെലവുകളുടെ ഓരോ മാസത്തേയും പേയ്മെന്റുകൾ അടുത്ത മാസം 10ാം തീയ്യതിക്കു മുമ്പായി നിർബ്ബന്ധമായും നൽകേണ്ടതാണെന്ന് മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളതാണ്.(ഖ.2.15.2)

കൂടാതെ ഹോം കെയർ അംഗങ്ങളുടെ ഭക്ഷണത്തിന് ആവശ്യമായ തുക ഓരോ മാസവും എച്ച്.എം.സി ഫണ്ടിൽ നിന്നും മുൻകൂർ അനുവദിച്ച് നൽകേണ്ടതാണെന്നും പ്രസ്തുത തുക പിന്നീട് പാലിയേറ്റീവ് കെയർ പദ്ധതിയിൽ നിന്നും എച്ച്.എം.സി.യിലേക്ക് അടവാക്കാവുന്നതാണെന്നും മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്.(ഖ2.15.3) എന്നാൽ പട്ടുവം ഗ്രാമ പഞ്ചായത്തിൽ ഇപ്രകാരം തുക മുൻകൂർ നൽകുന്നില്ല.

വാർഡ് തല പ്രവർത്തനങ്ങൾ സജീവമാക്കണം

മാർഗ്ഗരേഖ ഖ.2.2.3 പ്രകാരം പരിശീലനം സിദ്ധിച്ച സന്നദ്ധ പ്രവർത്തകരുടെ സംഘം ഓരോ വാർഡിലും രൂപീകരിക്കേണ്ടതുണ്ട്. എന്നാൽ ഇപ്രകാരം സന്നദ്ധ പ്രവർത്തകരുടെ സംഘം രൂപീകരിച്ചിട്ടില്ല.

പരിശീലന പരിപാടികൾ നടപ്പിലാക്കിയിട്ടില്ല

മാർഗ്ഗരേഖ ഖ.2.3.1ൽ നിർദ്ദേശിച്ച പ്രകാരം സബ് സെന്റർ തലത്തിൽ ജീവിത ശൈലി മാറ്റങ്ങൾക്കാവശ്യമായ ക്ലാസുകളും പരിശീലന പരിപാടികളും നടത്തിയതായികാണുന്നില്ല. കൂടാതെ ഖ.2.4.5ൽ നിർദ്ദേശിച്ച പ്രകാരം ഹോം കെയർ ടീമിലെ അംഗങ്ങൾക്ക് പ്രത്യേക പ്രായോഗിക പരിശീലനവും നൽകിയിട്ടില്ല.

പ്രാദേശിക വിഭവ സമാഹരണത്തിനുള്ള ഉദ്യമങ്ങൾ നടത്തിയിട്ടില്ല

ഖ 2.12.1ൽ ഹോം കെയർ സംവിധാനവും അനുബന്ധ പ്രവർത്തനങ്ങളും നടപ്പാക്കുന്നതിന് പ്രാദേശിക വിഹിതം സമാഹരിക്കുന്നതിന് ഊർജ്ജിത ശ്രമം നടത്തണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ പട്ടുവം ഗ്രാമ പഞ്ചായത്തിൽ ഇപ്രകാരം വിഭവ സമാഹരണം നടത്തുന്നതിനുള്ള യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല.

സേവന സൗകര്യങ്ങൾ മെച്ചപ്പെടുത്തണം.

മാർഗ്ഗരേഖ ഖ.2.14ൽ ഫിസിയോ തെറാപ്പി പരിചരണം ആവശ്യമുള്ള രോഗികൾക്ക് ആയത് ലഭ്യമാക്കുന്നത് സംബന്ധിച്ച് വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇപ്പോൾ മാസത്തിൽ ഒരു ദിവസം ബ്ലോക്ക് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിലുള്ള ഫിസിയോ തെറാപ്പി സേവന ഉപയോഗപ്പെടുത്തുന്നുണ്ടെന്നാണ് നിർവഹണ

ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുള്ളത്. ഇത് പര്യാപ്തമാണോ എന്ന് വിലയിരുത്തുകയും ആവശ്യമുള്ള പക്ഷം സൗകര്യങ്ങൾ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിധേയമായി വിപുലപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതുമാണ്.

മോണിട്ടറിംഗ് അപര്യാപ്തം

11) പഞ്ചായത്തിൽ സാന്ത്വന പരിചരണവുമായി ബന്ധപ്പെട്ട് വിശദമായ മോണിട്ടറിംഗ് നടക്കുന്നതായി കാണുന്നില്ല. മാർഗ്ഗരേഖ ഖ.2.16.1 അനുസരിച്ച് ഗ്രാമ പഞ്ചായത്തുകളിൽ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും അവയുടെ യോഗ അജണ്ടകളിൽ പാലിയേറ്റീവ് കെയർ ഒരു ഇനമായി ഉൾപ്പെടുത്തി ചർച്ച ചെയ്യേണ്ടതാണ്. ഖ.2.16.2 പ്രകാരം തദ്ദേശ ഭരണ സ്ഥാപന സമിതികൾ വർഷത്തിലൊരിക്കലെങ്കിലും പ്രത്യേക അജണ്ടയായി പാലിയേറ്റീവ് കെയർ പ്രവർത്തനം വിലയിരുത്തുകയും അതനുസരിച്ച് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യേണ്ടതാണ്. എന്നാൽ സാന്ത്വന പരിചരണ പദ്ധതി നിർവഹണം സംബന്ധിച്ചുള്ള മോണിട്ടറിംഗോ വിശദമായ ചർച്ചകളോ 2020-21 വർഷത്തിൽ നടന്നതായി കാണുന്നില്ല.

